11
2025
മാർച്ച്
ചൊവ്വ
കുംഭം 27

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.93 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-93 | പേജ് 4. വില 2.00 രൂപ




02 പുതിയ കാലത്തെ നിർമാണ ആവശ്യങ്ങൾ തിരിച്ചറിയണം

03 വിജ്ഞാന കേരളം നൈപുണ്യ പൈലറ്റ് പരിശീലന പരിപാടിക്ക് തുടക്കം

04 ലഹരിവിപത്തിനെതിരെ 'സ്നേഹത്തോൺ' സംഘടിപ്പിക്കും

# ദക്ഷിണേന്ത്യ കീഴടക്കാൻ വിഴിഞ്ഞം തുറമുഖം

- കണ്ടെയ്നർ ടെർമിനൽ വിപുലീകരിക്കും
- രണ്ടും മൂന്നും ഘട്ടങ്ങൾക്ക് പാരിസ്ഥിതിക അനുമതി,
- ചെലവ് 10000 കോടി



തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ടങ്ങൾക്ക് പാരിസ്ഥിതിക അനുമതിയായി. ഇതു സംബന്ധിച്ച് കേന്ദ്രപരിസ്ഥിതി മന്ത്രിലയത്തിന്റെ ഉത്തരവ് ലഭിച്ചതായി മന്ത്രി വി. എൻ. വാസവൻ അറിയിച്ചു. രണ്ടും മൂന്നും ഘട്ട വികസനത്തിന്റെ ഭാഗമായി കണ്ടെയ്നർ ടെർമിനൽ 1200 മീറ്റർ നീളത്തിലേക്ക് വിപുലീകരിക്കും, ബ്രേക്ക് വാട്ടറിന്റെ നീളം 900 മീറ്റർ കൂടി വർധിപ്പിക്കും കണ്ടെയ്നർ സംഭരണ യാർഡിന്റെയും, ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങളുടെയും വികസനം 1220 മീറ്റർ നീളമുള്ള മൾട്ടി പർപ്പസ് ബർത്തുകൾ, 250 മീറ്റർ നീളമുള്ള ലിക്വിഡ് ബർത്തുകൾ (ബ്രേക്ക് വാട്ടറിനോടനുബന്ധിച്ച്), ലിക്വിഡ് കാർഗോ സംഭരണ സൗകര്യങ്ങളുടെ വികസനം, 77.17 ഹെക്റ്റർ വിസ്തൃതിയിലുള്ള ഭൂമി എറ്റടുക്കൽ 7.20 ദശ3 അളവിൽ ഡ്രഡ്ജിംഗ് എന്നിവ ഉൾപ്പെടുന്നു.

ഇതോടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖപദ്ധതി പ്രതീക്ഷിച്ചതിലും നേരത്തെ പൂർത്തിയാക്കി വരുമാനം ഉറപ്പ് വരുത്താൻ സർക്കാരിന് സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. വിഴിഞ്ഞം തുറമുഖത്തിന്റെ മിനിമം സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം കണ്ടെയ്നറാണ്. ഓട്ടോമേറ്റഡ് സംവിധാനങ്ങൾ ഉപയോഗിക്കുന്നത് വഴി തുറമുഖത്തിന്റെ ശേഷി പ്രതിവർഷം 45 ലക്ഷം വരെയായി ഉയർത്താൻ സാധിക്കും.

ഇതു സംബന്ധിച്ച് കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവ് സർക്കാരിന് ലഭിച്ചു. ഇതോടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖപദ്ധതി പ്രതീക്ഷിച്ചതിലും നേരത്തെ പൂർത്തിയാക്കി വരുമാനം ഉറപ്പ് വരുത്താൻ സർക്കാരിന് സാധിക്കുമെന്ന് മന്ത്രി വി. എൻ. വാസവൻ അറിയിച്ചു.

2028ൽ ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ സ്ഥാപിത ശേഷിയുള്ള കണ്ടെയ്നർ ടെർമിനൽ ആയി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മാറുമെന്നും മന്ത്രി പറഞ്ഞു. തുറമുഖത്തിന്റെ രണ്ടും മൂന്നും നാലും ഘട്ടങ്ങളുടെ വികസനത്തിനായി 10000 കോടി രൂപയുടെ ചിലവാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.



## ചരിത്രമായി എംഎസ്സി മിയ

### ഏഷ്യയെയും യൂറോപ്പിനെയും ബന്ധിപ്പിച്ച് വിഴിഞ്ഞം തുറമുഖം

വിഴിഞ്ഞം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ ചരിത്രം കുറിച്ച് എംഎസ്സി മിയ. ഏഷ്യയെയും യൂറോപ്പിനെയും ബന്ധിപ്പിക്കുന്ന ജേഡ് സർവീസിന്റെ ഭാഗമായ ആദ്യ കപ്പൽ ഞായറാഴ്ച പുലർച്ചെ ബെർത്തിൽ അണഞ്ഞു. വിഴിഞ്ഞത്തേക്കു വരുന്ന ജേഡ് സർവീസിലുൾപ്പെട്ട രണ്ടാമത്തെ കപ്പൽ എംഎസ്സി മിർജാം ഇന്ന് ബെർത്തിലെത്തും.

ആഗോള ഷിപ്പിംഗ് ശൃംഖലയിൽ വിഴിഞ്ഞം കൂടി ഉൾപ്പെടുന്നതിന്റെ നാഴികക്കല്ലായാണ് ഇതിനെ കാണുന്നത്. ഇത് ഏഷ്യയും യൂറോപ്പും തമ്മിലുള്ള വ്യാപാരത്തിൽ ഒരു സുപ്രധാന ലിങ്കായി മാറും. കഴിഞ്ഞ ദിവസം പുലർച്ചെ 2.25ന് മലയാളി ക്യാപ്റ്റൻ നിർമൽ സക്കറിയ ആണ് മിയയെ ബെർത്തിലേക്ക് എത്തിച്ചത്. ഇരുപതിനായിരത്തിലേറെ കണ്ടെയ്നറുകളുമായി വിഴിഞ്ഞത്തെത്തിയ കപ്പലിൽ നിന്നു മൂവായിരത്തോളം കണ്ടെയ്നറുകളുടെ നീക്കം നടക്കും.

കൂറ്റൻ കപ്പലിന് 399.99 മീറ്റർ നീളവും 62 മീറ്റർ വീതിയും 16 മീറ്റർ ഡ്രാഫ്റ്റുമുണ്ട്. 1.97 ലക്ഷം ടൺ വഹിക്കാനുള്ള ശേഷിയുള്ള ഇതിന് 23,756 ടിഇയു വഹിക്കാനാകും. ദക്ഷിണ കൊറിയയിലെ ബുസാൻ തുറമുഖം, ചൈനയിലെ നിങ്ബോഷൂഷാൻ തുറമുഖം, ചൈനയിലെ ഷാങ്ഹായ് തുറമുഖം, ചൈനയിലെ യാന്റിയൻ തുറമുഖം, സിംഗപ്പൂർ തുറമുഖം എന്നിവിടങ്ങളിൽ നിർത്തി വിഴിഞ്ഞത്ത് എത്തുന്നതിന് മുമ്പ് ചൈനയിലെ ക്വിംഗ്ദാവോ തുറമുഖത്ത് നിന്ന് അതിന്റെ യാത്ര ആരംഭിച്ചു.

രണ്ടു ദിവസം മുൻപ് പുറംകടലിൽ നങ്കൂരമിട്ടിരുന്ന എംഎസ്സി മിയ ബെർത്ത് ഒഴിവു ലഭിക്കാത്തതിനെ തുടർന്നാണ് അടുക്കാൻ വൈകിയത്. ജേഡ് സർവീസ് ഭാഗമായി സിംഗപ്പൂരിൽ നിന്ന് പോർച്ചുഗലിലേക്കുള്ള യാത്രാമധ്യേ എംഎസ്സി മിയ അടുക്കുന്ന ഏക തുറമുഖമാണ് വിഴിഞ്ഞം. കണ്ടെയ്നർ നീക്കം പൂർത്തിയാകുന്ന മുറയ്ക്ക് ഇന്നു പോർച്ചുഗലിലേക്കു യാത്ര തുടരും. ജേഡ് സർവീസ് ഭാഗമായി 18നാണ് മൂന്നാമത്തെ കപ്പൽ വിഴിഞ്ഞത്ത് എത്തുക.

കപ്പൽ സ്പെയിനിലെ വലൻസിയ തുറമുഖത്തേക്കുള്ള യാത്ര തിങ്കളാഴ്ച പുറപ്പെടും. ഒടുവിൽ സ്പെയിനിലെ ബാഴ്സലോണ തുറമുഖത്തും ഇറ്റലിയിലെ ജിയോയ ടൗറോ തുറമുഖത്തും എത്തിച്ചേരും.

## പെൻഷൻ കുടിശിക; അടിയന്തരപ്രമേയത്തിന് അനുമതിയില്ല; പ്രതിപക്ഷം സഭയിൽനിന്ന് ഇറങ്ങിപ്പോയി

തിരുവനന്തപുരം: വിവിധ ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ കുടിശിക മുടങ്ങിയത് സംബന്ധിച്ച പ്രതിപക്ഷത്തിന്റെ അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ച് സ്പീക്കർ. എം. വിൻസെന്റ് എംഎൽഎയാണ് അടിയന്തര പ്രമേയമായി വിഷയം അവതരിപ്പിച്ചത്. മുൻകാല തൊഴിലാളി പാർട്ടിയുടെ സർക്കാർ തൊഴിലാളികളോട് കാണിക്കുന്നത് വഞ്ചനയാണെന്ന് അദ്ദേഹം പറഞ്ഞു.

കെട്ടിട നിർമാണ ക്ഷേമനിധിയിൽ 17 മാസം പെൻഷൻ കുടിശികയുണ്ട്. പരിപ്പ് വട മാറ്റി കശുവണ്ടി കൊറിക്കുന്ന സമയത്തെങ്കിലും കശുവണ്ടി തൊഴിലാളികളെ ഓർക്കണമായിരുന്നെന്നും എംഎൽഎ വിമർശിച്ചു.ഈ സർക്കാരിന്റെ മുൻഗണന എന്താണെന്ന് വ്യക്തമാക്കണമെന്ന് പ്രതിപക്ഷ നേതാവ് വി. ഡി സതീശൻ പറഞ്ഞു. തൊഴിലാളികൾക്ക് അവർ അംശാദായം അടച്ച തുക പോലും തിരിച്ച് കൊടുക്കാനാകുന്നില്ലെന്നും സതീശൻ വിമർശനം ഉന്നയിച്ചു.

മൂന്ന് ഗഡുക്കൾ കൂടി പെൻഷൻ കൊടുക്കാനുണ്ടെന്നും അത് ഈ സാമ്പത്തിക വർഷം കൊടുക്കുമെന്നും ധനമന്ത്രി കെ. എൻ ബാലഗോപാൽ പ്രതികരിച്ചു. യുഡിഎഫിന്റെ കാലത്തെ കുടിശിക വരെ തീർക്കുന്നത് ഇടത് സർക്കാരാണ്.

അംശാദായത്തിന് പുറമേ സർക്കാർ കൂടുതൽ പണം കൂടി അനുവദിച്ചിട്ടാണ് പെൻഷൻ നൽകുന്നത്. പ്രതിക്ഷം മുതലക്കണ്ണീർ ഒഴുക്കുകയാണ്. ഇങ്ങനെ പറഞ്ഞാൽ മുതല പോലും പിണങ്ങുമെന്നും ധനമന്ത്രി പരിഹസിച്ചു.

അതേസമയം അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചതോടെ പ്രതിപക്ഷം സഭയിൽനിന്ന് ഇറങ്ങിപ്പോയി.

## വിദ്വേഷ പരാമർശം: പി. സി. ജോർജിനെതിരെ വീണ്ടും പരാതി

കോട്ടയം: ലൗ ജിഹാദ് പരാമർശത്തിൽ പി. സി. ജോർജിനെതിരെ യൂത്ത്ലീഗ് ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനിൽ പരാതി നൽകി. പാലായിൽ കെസിബിസിയുടെ ലഹരി വിരുദ്ധ പരിപാടിയിൽ പങ്കെടുത്ത് പി. സി. ജോർജ് വിദ്വേഷ പരാമർശം നടത്തിയെന്നാണ് പരാതി.

ലൗ ജിഹാദിലൂടെ മീനച്ചിൽ താലൂക്കിൽ മാത്രം നാനൂറോളം പെൺകുട്ടികളെ നഷ്ടമായെന്നായിരുന്നു പി. സി. ജോർജിന്റെ പ്രസ്താവന. ക്രിസ്ത്യാനികൾ അവരുടെ പെൺമക്കളെ ഇരുപത്തിനാല് വയസാകുമ്പോഴേക്ക് വിവാഹം കഴിച്ചയക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പ്രസംഗത്തിന്റെ വീഡിയോയും സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്. നേരത്തെ ടെലിവിഷൻ ചാനൽ ചർച്ചയ്ക്കിടെ നടത്തിയ വിദ്വേഷ പ്രസംഗത്തിൽ ഈരാറ്റുപേട്ട പോലീസ് പി. സി. ജോർജിനെ അറസ്റ്റ് ചെയ്തിരുന്നു.

ലൗ ജിഹാദ് പരാമർശത്തിൽ പി. സി. ജോർജിനെതിരെ യൂത്ത് കോൺഗ്രസും തൊടുപുഴ പോലീസിൽ പരാതി നൽകിയിരുന്നു.

## പതിനഞ്ചുകാരിയുടെ മരണത്തിൽ പോലീസിനെതിരേ രൂക്ഷ വിമർശനവുമായി ഹൈക്കോടതി

കാസർഗോഡ്: പൈവളിഗെയിലെ പതിനഞ്ചുകാരിയുടെ മരണത്തിൽ പോലീസിനെതിരേ രൂക്ഷ വിമർശനവുമായി ഹൈക്കോടതി. ഒരു വിഐപിയുടെ മകളായിരുന്നെങ്കിൽ പോലീസ് അന്വേഷണം ഇത്ര വൈകിപ്പിക്കുമായിരുന്നോയെന്ന് കോടതി ചോദിച്ചു.

പെൺകുട്ടിയുടെ അമ്മ നൽകിയ ഹേബിയസ് കോർപസ് ഹർജിയിലാണ് കോടതിയുടെ വിമർശനം. ജസ്റ്റീസ് ദേവൻരാമചന്ദ്രൻ ഉൾപ്പെടുന്ന ഡിവിഷൻ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

നിയമത്തിന് മുന്നിൽ വിഐപികളും തെരുവിൽ താമസിക്കുന്നവരും തുല്യരാണ്. കുട്ടി ജീവനോടെയുണ്ടോയെന്ന് പോലും പരിശോധിക്കാൻ പോലീസ് തയാറാണോയെന്നും കോടതി ചോദ്യം ഉന്നയിച്ചു.

കഴിഞ്ഞ 26 ദിവസം എന്ത് പരിശോധനയാണ് പോലീസ് നടത്തിയതെന്ന് വ്യക്തമാക്കണം. അന്വേഷണ ഉദ്യോഗസ്ഥൻ കേസ് ഡയറിയുമായി ചൊവ്വാഴ്ച ഹൈക്കോടതിയിൽ ഹാജരാകണമെന്നും കോടതി നിർദേശിച്ചു.

പൈവളിഗെയിൽ പെൺകുട്ടിയുടേയും യുവാവിൻറേയും മൃതദേഹം കണ്ടെത്തിയ സംഭവം ആത്മഹത്യയാണെന്നാണ് പ്രാഥമിക നിഗമനം. പതിനഞ്ചുകാരിയുടെയും ഓട്ടോ ഡ്രൈവറായ പ്രദീപിന്റെയും മൃതദേഹം ഞായറാഴ്ചയാണ് കണ്ടെത്തിയത്.

## ഓപറേഷൻ ക്ലീൻ സ്ലേറ്റ്; 81.13 ലക്ഷത്തിന്റെ മയക്കുമരുന്ന് പിടിച്ചെടുത്തു

തിരുവനന്തപുരം: എക്സൈസ് നടത്തിയ ഓപറേഷൻ ക്ലീൻ സ്ലേറ്റിൽ ആദ്യ അഞ്ച് ദിവസം കൊണ്ട് 360 എൻഡിപിഎസ് കേസുകളിലായി 368 പേരെ അറസ്റ്റ് ചെയ്തെന്ന് മന്ത്രി എം. ബി. രാജേഷ്. വിവിധ കേസുകളിലായി 378 പേരെ പ്രതിചേർത്തു.

പ്രതികളിൽ നിന്ന് 81.13 ലക്ഷം രൂപ വിലമതിക്കുന്ന മയക്കുമരുന്ന് പിടിച്ചു. ഒളിവിൽ കഴിഞ്ഞിരുന്ന 17 പ്രതികളെയും അറസ്റ്റ് ചെയ്തെന്നും മന്ത്രി പറഞ്ഞു. അഞ്ച് ദിവസം കൊണ്ട് 2181 പരിശോധനകൾ സംസ്ഥാനത്ത് എക്സൈസ് നടത്തി. മറ്റ് വകുപ്പുകളുമായി ചേർന്ന് 39 സംയുക്ത പരിശോധനകളും നടത്തി. 21,389 വാഹനങ്ങൾ പരിശോധിച്ചു. മയക്കുമരുന്ന് കടത്തിയ 16 വാഹനങ്ങൾ കസ്റ്റഡിയിലെടുത്തു. 602 സ്കൂൾ പരിസരം, 152 ബസ് സ്റ്റാൻഡ് പരിസരം, 59 ലേബർ ക്യാമ്പുകൾ, 54 റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തി മയക്കുമരുന്ന് വിൽപ്പനക്കാരെ പിടികൂടിയെന്നും മന്ത്രി പറഞ്ഞു.



# കലാലയ മാഗസിനുകൾക്കുള്ള മീഡിയ അക്കാദമി പുരസ്കാരം പ്രഖ്യാപിച്ചു

കേരളത്തിലെ ഏറ്റവും മികച്ച കലാലയ മാഗസിനുകൾക്കുള്ള 2023-24 ലെ കേരള മീഡിയ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പാലക്കാട് വിക്ടോറിയ കോളേജിന്റെ 'തുരുത്ത്' എന്ന മാസികയ്ക്കാണ് ഒന്നാം സമ്മാനം. മുഖ്യമന്ത്രിയുടെ ട്രോഫിയും 25,000 രൂപയും പ്രശസ്തിപത്രവുമാണ് സമ്മാനം.

രണ്ടും മൂന്നും സമ്മാനങ്ങൾ യഥാക്രമം രണ്ട് കോളേജുകൾ വീതം പങ്കിട്ടു. എറണാകുളം ഗവ ലോ കോളേജിന്റെ മാഗസിൻ 'പറ്റലർ', മലപ്പുറം കോട്ടയ്ക്കൽ വി പി എസ് വി ആയുർവേദ കോളേജിന്റെ മാഗസിൻ 'ചെലപ്പധികാരം' എന്നിവയ്ക്കാണ് രണ്ടാം സമ്മാനം.

15,000 രൂപയും ട്രോഫിയും പ്രശസ്തിപത്രവുമാണ് നൽകുക.

കോഴിക്കോട് ജെ ഡി ടി ഇസ്ലാം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിന്റെ മാഗസിൻ 'ഫുർഖത്', തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിന്റെ മാഗസിൻ 'ഇന്ത്യ ദാറ്റ് ഈസ് ഭാരത്' എന്നീ മാസികകൾക്കാണ് മൂന്നാം സമ്മാനം. 10000 രൂപയും ട്രോഫിയും പ്രശസ്തിപത്രവുമാണ് സമ്മാനം.

മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്.ബാബു, സെക്രട്ടറി അനിൽ ഭാസ്കർ എന്നിവർ വാർത്താസമ്മേളനത്തിലാണ് ജേതാക്കളെ പ്രഖ്യാപിച്ചത്. ഐഎഎസ് ഉദ്യോഗസ്ഥനും സാഹിത്യകാരനുമായ കെ വി മോഹൻകുമാർ, സാക്ഷരതാ മിഷൻ ഡയറക്ടർ എ ജി ഒലീന, എഴുത്തുകാരൻ ജി ആർ ഇന്ദുഗോപൻ എന്നിവരടങ്ങിയ ജഡ്ജിംഗ് കമ്മിറ്റിയാണ് പുരസ്കാര നിർണയം നടത്തിയത്.

സമകാലികതയും സൗന്ദര്യാനുഭവും സാമൂഹിക ദിശാബോധവും ഒരുപോലെ സമന്വയിക്കുന്ന ഈ ക്യാമ്പസ് സൃഷ്ടികൾ ഏറെ പ്രതീക്ഷ നൽകുന്നുവെന്ന് ജൂറി വിലയിരുത്തി.

# റിക്രൂട്ട്മെന്റ് സാധ്യതകൾ; ഡെൻമാർക്ക് പ്രതിനിധിസംഘം നോർക്ക സന്ദർശിച്ചു

കേരളത്തിൽ നിന്നും ആരോഗ്യപ്രവർത്തകരെയുൾപ്പെടെ റിക്രൂട്ട്ചെയ്യുന്നതിനുള്ള സാധ്യതകൾ വിലയിരുത്തുന്നതിനായി ഇന്ത്യയിലെ ഡെൻമാർക്ക് എംബസി സ്ട്രാറ്റജിക് സെക്ടർ കോഓപ്പറേഷൻ (എസ്.എസ്.സി) കൗൺസിലർ എമിൽ സ്റ്റോവറിങ് ലൗറിറ്റ്സെന്റെ നേതൃത്വത്തിലുള്ള 11 അംഗ പ്രതിനിധിസംഘം നോർക്ക സെന്റർ സന്ദർശിച്ചു.

രാവിലെ നോർക്ക സെന്ററിലെത്തിയ സംഘം നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി, റിക്രൂട്ട്മെന്റ് വിഭാഗം പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി. കെയർ ഹോം സർവ്വീസ് മേഖലയിലേയ്ക്കുള്ള നഴ്സിംങ് റിക്രൂട്ട്മെന്റ്, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം, സ്കിൽ പാർട്ണർഷിപ്പ് എന്നിവ ചർച്ച ചെയ്തു. ഡാനിഷും ഭാഷാഭേദമായ ഫ്ലമിഷ് ഭാഷാ പരിശീലനങ്ങൾക്കും പ്രത്യേക സംവിധാനമൊരുക്കുന്നത് പരിഗണിക്കാമെന്ന് സംഘം അറിയിച്ചു.

ഇതിനോടൊപ്പം ജർമ്മൻ റിക്രൂട്ട്മെന്റ് പദ്ധതിയായ ട്രിപ്പിൾ വിൻ കേരളയുടെ മാതൃകയിൽ ഗവൺമെന്റ് തലത്തിലുള്ള റിക്രൂട്ട്മെന്റാണ് ഉചിതമാവുകയെന്ന് അജിത് കോളശ്ശേരിയും ചർച്ചയിൽ അറിയിച്ചു.

ഡാനിഷ് വിദേശകാര്യ മന്ത്രാലയം സീനിയർ അഡ്വൈസർ എസ്പെൻ ക്രോഗ്, ഉന്നതവിദ്യാഭ്യാസം, ശാസ്ത്രം മന്ത്രാലയത്തിലെ സീനിയർ അഡ്വൈസർ ആസ്ട്രിഡ് ഫോഗ് ഹാർബോ, വിദ്യാഭ്യാസ ശിശു വികസന മന്ത്രാലയത്തിനു കീഴിലെ കെയർ,ഹെൽത്ത് വൊക്കേഷണൻ ട്രെയിനിങ് നൽകുന്ന സ്വയംഭരണ സ്ഥാപനമായ ടഹരഡഡ ഒ പ്രതിനിധികളായ ഹെല്ലെ സ്ലോത്ത്, കിം സ്ലോത്ത്, സീനിയർ സിറ്റിസൺസ് മന്ത്രാലയത്തിൽ നിന്നും ജെൻസ് ഉൽറിക് സോർബ്രെയ് കാർലെ, ഡാനിഷ് ഏജൻസി ഫോർ ഇന്റർനാഷണൽ റിക്രൂട്ട്മെന്റ് ആൻഡ് ഇന്റഗ്രേഷൻ ചീഫ് അഡ്വൈസർ ജോൺ ജോൺ ഫ്രെഡറിക്സൺ, ഹെർലേവ് & ജെന്റോഫ്റ്റ ഹോസ്പിറ്റൽ പ്രതിനിധികളായ ഹെലീനെ ബ്ലിഡൽ ഡോസിങ്, ഷാർലോട്ട് ആകർസ്ട്രോം പോൾസൺ, ഡാനിഷ് ഏജൻസി ഓഫ് എഡ്യുക്കേഷൻ ആൻഡ് ക്വാളിറ്റിയിൽ നിന്നും ക്രിസ്റ്റ്യാൻ വെസ്റ്റർഗാഡ്സ് സ്ലോത്ത്, ലോക്കൽ ഗവർമെന്റ് ഡെൻമാർക്ക് സീനിയർ അഡ്വൈസർ ട്രൈൻ ബോൾവിൻ, നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഡെൻമാർക്ക് സംഘം തിരുവനന്തപുരം ഗവൺമെന്റ് നഴ്സിങ് കോളേജും സന്ദർശിച്ചു.

# സിസ്റ്റം അസിസ്റ്റന്റ് ഡെപ്യൂട്ടേഷൻ നിയമനം

തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സിസ്റ്റം അസിസ്റ്റന്റ് തസ്തികയിലെ ഒരു ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി വിജ്ഞാപനം പുറപ്പെടുവിച്ചു. തസ്തികയിലേക്ക് ആവശ്യമായ യോഗ്യത, മറ്റ് വിവരങ്ങൾ എന്നിവ വിശദമാക്കിക്കൊണ്ടുള്ള വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ൦൦൦.രലല സല്യമഹമ.ീൃഴ എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സർവീസിലോ സ്വയം ഭരണ സ്ഥാപനങ്ങളിലോ തത്തുല്യമായ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് പ്രസ്തുത ഒഴിവിലേക്ക് അപേക്ഷിക്കാവുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയ ശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. താൽപര്യമുള്ള ജീവനക്കാർ കെ.എസ്.ആർ - 144 അനുസരിച്ചുള്ള പ്രൊഫോർമയും ബയോഡാറ്റയും വകുപ്പ് മേധാവിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ മേലധികാരികൾ മുഖേന 2025 മാർച്ച് 18 ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ എസ് ആർ ടി സി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില) തമ്പാനൂർ, തിരുവനന്തപുരം 1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം.

# വികസനചരിത്രമെഴുതി കൊല്ലം @ 75 പ്രദർശന വിപണന മേള ഇന്ന് സമാപിക്കും

കൊല്ലം: സൗജന്യ സേവനങ്ങളുടെയും വിസ്മയ കാഴ്ച്ചകളുടെയും വിപണിയുടെയും അതിലുപരി കൊല്ലത്തിൻറെ സാംസ്കാരിക പൈതൃക ചരിത്രമെഴുതിയ കൊല്ലം @ 75 പ്രദർശന വിപണന മേള ഇന്ന് സമാപിക്കും.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൻറെ ആഭിമുഖ്യത്തിൽ ആശ്രാമം മൈതാനത്തു നടക്കുന്ന കൊല്ലം @ 75 പ്രദർശന വിപണന മേള ജനപങ്കാളിത്തം കൊണ്ടും വൈവിധ്യമാർന്ന കലാപരിപാടികൾ കൊണ്ടും മറക്കാനാവാത്ത അനുഭവം പകർന്നാണ് അവസാനിക്കുന്നത്.

ശീതീകരിച്ച 210 സ്റ്റാളുകളിലായി നടന്ന മേളയിൽ വിവിധ സർക്കാർ വകുപ്പുകളുടെ സ്റ്റാളുകൾ വഴി നേരിട്ടുള്ള സേവനവും മാർഗനിർദേശങ്ങളും അവബോധവും ജനങ്ങൾക്ക് ലഭ്യമായി. ജലവിഭവ വകുപ്പ് സൗജന്യ ജല പരിശോധനാ സൗകര്യം ഏർപ്പെടുത്തിയിരുന്നു.

ജില്ലാ മെഡിക്കൽ ഓഫീസിൻറെ സ്റ്റാളുകളിൽ ദിവസവും അനേകം പേരാണ് വിവിധ പരിശോധനകൾ നടത്തിയത്. മെഡിക്കൽ ടീമും സജ്ജമായിരുന്നു. കെഎസ്ഇബി, വനിതാ ശിശു വികസനം, എക്സൈസ് വകുപ്പ് ഏർപ്പെടുത്തിയ മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ നൽകി.

പോലീസ് വകുപ്പിൻറെ ആയുധങ്ങൾ, സെൽഫ് ഡിഫൻസ് പാഠങ്ങൾ, അഗ്നിരക്ഷാ സേനയുടെ സിപിആർ ഉൾപ്പടെയുള്ള പ്രഥമ ശുശ്രുഷ, സുരക്ഷാ പാഠങ്ങൾ, എക്സൈസ് വകുപ്പിൻറെ ലഹരി വിരുദ്ധ ബോധവത്ക്കരണം, സ്റ്റാർട്ട് അപ്പ് മിഷൻറെ അതിനൂതന സാങ്കേതിക വിദ്യകൾ പരിചയപെടുത്തുന്ന മാതൃകകൾ ഏറെ ശ്രദ്ധേയമായി. പിആർഡിയുടെ കൊല്ലത്തിൻറെ ചരിത്ര വികസനം തീം സ്റ്റാൾ അനേകം പേരെ ആകർഷിച്ചു.

നാടിൻറെ കാർഷിക സംസ്കാരം വിളിച്ചോതുന്നതായിരുന്നു കാർഷിക ക്ഷേമ വകുപ്പിൻറെ വിപണന സ്റ്റാൾ. ജില്ലാ വ്യവസായ കേന്ദ്രത്തിൻറ സ്റ്റാൾ വഴി സൗജന്യ കെ സ്വിഫ്റ്റ്, ഉദ്യം രജിസ്ട്രേഷൻ സംരംഭകർക്ക് താങ്ങായി. ഐടി മിഷൻ ഒരുക്കിയ സൗജന്യ ആധാർ ബയോ മെട്രിക് അപ്ഡേഷൻ,

പുതിയ ആധാർ എടുക്കൽ എന്നിവ ഒട്ടേറെ പേർ വിനിയോഗിച്ചു.

വ്യവസായം, സഹകരണം, കുടുംബശ്രീ സംരംഭകരുടെ സ്റ്റാളുകൾ, പട്ടികവർഗ വികസന വകുപ്പ്, ഫിഷറീസ് എന്നിവയുടെ സ്റ്റാളുകളും ചെറുസംരംഭകർക്ക് മികച്ച ഇടം നൽകി. സ്പോർട്സ് ഏരിയ, ആക്ടിവിറ്റി കോർണറുകൾ, ക്വിസ് മത്സരങ്ങൾ എന്നിവ കുട്ടികളുടെ പ്രിയപ്പെട്ടതായി. വയലിൻ ഫ്യൂഷൻ, നാടൻ പാട്ട്, മട്ടന്നൂരിൻറെ ചെണ്ടമേളം, അലോഷിയുടെ ഗസൽ, ആട്ടം - തേക്കിൻകാട് ബാൻഡിൻറെ ഫ്യൂഷൻ, സ്റ്റീഫൻ ദേവസിയുടെ സംഗീതനിശ നീണ്ട കലാപരിപാടികൾ നഗരരാത്രികളെ ആഘോഷമാക്കി.

ജില്ലയുടെ ചരിത്രം, സാംസ്കാരിക തനിമ, പൈതൃകം എന്നിവ നവസാങ്കേതികവിദ്യയുടെ സഹായത്തോടെ മേളയിൽ എത്തിയ ഓരോരുത്തരേയും ആഴത്തിൽ ബോധ്യപ്പെടുത്തിയാണ് മേള സമാപിക്കുന്നത്.

# കീം 2025 അനുബന്ധ കോഴ്സുകൾ കൂട്ടിചേർക്കുന്നതിന് അവസരം

കീം 2025 മുഖേന എൻജിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ ആൻഡ് മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം എൻജിനീയറിംഗ്/ഫാർമസി ആർക്കിടെക്ചർ/മെഡിക്കൽ ആൻഡ് മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവ പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. ആർക്കിടെക്ചർ (ബി.ആർക്) കോഴ്സ് കൂട്ടിച്ചേർക്കുന്നവർ കൗൺസിൽ ഓഫ് ആർക്കിടെക്ചർ എൻ.എ.ടി.എ നടത്തുന്ന പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടേണ്ടതും മെഡിക്കൽ ആൻഡ് മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നവർ എൻ.ടി.എ നടത്തുന്ന നീറ്റ് യു.ജി 2025 പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടേണ്ടതുമാണ്. കീം 2025 അപേക്ഷിച്ചവർക്ക് കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് മാർച്ച് 7 മുതൽ 12 വൈകിട്ട് 5 മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും. വിശദമായ വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഹെൽപ് ലൈൻ നമ്പർ : 04712525300.

# യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു

കേരള സംസ്ഥാന യുവജന കമ്മീഷൻ 2024-25 വർഷത്തെ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്. കല, സാംസ്കാരികം, കായികം, സാഹിത്യം, കാർഷികം/മൃഗസംരക്ഷണം, വ്യവസായ സംരംഭകത്വം, മാധ്യമം തുടങ്ങിയ മേഖലകളിൽ വ്യത്യസ്തവും മാതൃകാപരവുമായ ഇടപെടലുകൾ നടത്തിയ വ്യക്തിത്വങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്.

കല / സാംസ്കാരികം മേഖലയിൽ അഭിനേത്രി നിഖില വിമൽ അവാർഡിനർഹയായി. ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിലെ ഓൾറൗണ്ടർ സജന സജീവനാണ് കായിക രംഗത്തു നിന്ന് അവാർഡിനർഹയായത്. 2024 ഐസിസി വനിതാ ടി20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിൽ അംഗമായിരുന്നു. യുവ എഴുത്തുകാരൻ വിനിൽ പോളിനാണ് സാഹിത്യത്തിലുള്ള യൂത്ത് ഐക്കൺ പുരസ്കാരം. കാർഷിക ജീവിതത്തെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കിയ കാസർഗോഡ് സ്വദേശിനി എം. ശ്രീവിദ്യയാണ് കാർഷിക രംഗത്തു നിന്ന് അവാർഡിനർഹയായത്. വ്യവസായം / സംരഭകത്വം മേഖലയിൽ ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കാർഷിക മേഖലക്ക് കൈത്താങ്ങായി ഡ്രോൺ നിർമാണത്തിലൂടെ ശ്രദ്ധേയനായ ഫ്യൂസലേജ് കമ്പനിയുടെ സ്ഥാപകനും എം.ഡിയുമായ ദേവൻ ചന്ദ്രശേഖരൻ അവാർഡിനർഹയായി. 30 വയസിൽ താഴെയുള്ള മികച്ച സംരംഭകരുടെ ഫോബ്സ് ഇന്ത്യ പട്ടികയിൽ ദേവൻ ചന്ദ്രശേഖരൻ ഇടംപിടിച്ചിരുന്നു. മാധ്യമ മേഖലയിൽ നിന്നും റിപ്പോർട്ടർ ടിവി പ്രിൻസിപ്പൽ കറസ്പോണ്ടന്റ് ആർ. റോഷിപാൽ യൂത്ത് ഐക്കണായി തിരഞ്ഞെടുക്കപ്പെട്ടു.

# വിദ്യാലയങ്ങൾ ലഹരി വിമുക്തമാകണം: മാർ ക്ലീമിസ് കാതോലിക്കാ ബാവ

തിരുവനന്തപുരം: വിദ്യാലയങ്ങൾ ലഹരി വിമുക്തമാകണമെന്നും അധ്യാപകർ ധാർമികമൂല്യമുള്ള തലമുറയെ വാർത്തെടുക്കാൻ പ്രതിജ്ഞാബദ്ധരാകണമെന്നും മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൻറെ വാർഷിക സമ്മേളനവും വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പു സമ്മേളനവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അധാർമികമായ പ്രവണതകളെ മേജർ അതിരൂപതയിലെ സ്കൂളുകളിൽ ഒരുകാരണവശാലും വച്ചുപൊറുപ്പിക്കരുതെന്നും അധ്യാപകർ ജാഗ്രതയോടെ മുന്നോട്ടുപോകണമെന്നും ബാവ ആഹ്വാനം ചെയ്തു.

കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രസിഡൻറ് എൻ. ജി. റോയ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മേജർ അതിരൂപത വികാരി ജനറാളും സ്കൂളുകളുടെ കറസ്പോണ്ടൻറുമായ ഡോ. വർക്കി ആറ്റുപുറത്ത് കോർ എപ്പിസ്കോപ്പ, പട്ടം സെൻറ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഫാ. നെൽസൺ വലിയവീട്ടിൽ,

നാലാഞ്ചിറ സെൻറ് ജോൺസ് മോഡൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഫാ. ജോസ് ചരുവിൽ, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന വൈസ് പ്രസിഡൻറ് സി. എ. ജോണി, സെക്രട്ടറി ബി. എം. ബിജു, ട്രഷറർ ബിജു കെ. ജോർജ്, പട്ടം സെൻറ് മേരിസ് സ്കൂൾ വൈസ് പ്രിൻസിപ്പൽ റാണി എം. അലക്സ്, നാലാഞ്ചിറ സെൻറ് ഗോരേറ്റീസ് സ്കൂളിലെ അധ്യാപിക സിസ്റ്റർ മാഡ്ലിൻ മാത്യു എന്നിവർ പ്രസംഗിച്ചു.

വിരമിക്കുന്നവർക്ക് സമ്മേളനത്തിൽ സ്നേഹാദരങ്ങൾ അർപ്പിച്ചു. അധ്യാപക രചനാ മത്സരങ്ങളിൽ വിജയികളായവരെയും കെസിബിസി അധ്യാപക അവാർഡ് ജേതാവ് ജോസഫ് റോയിയെയും ചടങ്ങിൽ ആദരിച്ചു.

# ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം

കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ എന്നിവ കൈപ്പറ്റുന്നവർ 2025 വർഷത്തെ ലൈഫ് സർട്ടിഫിക്കറ്റ് മാർച്ച് 31 നകം സമർപ്പിക്കേണ്ടതാണ്. നാട്ടിലുള്ള പെൻഷൻകാർ, ബാർഡ് നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ ഉള്ള ലൈഫ് സർട്ടിഫിക്കറ്റ്, ഗസറ്റഡ് ഓഫീസർ മുഖാന്തിരം സാക്ഷ്യപ്പെടുത്തി. തപാലിൽ തിരുവനന്തപുരം ഹെഡ് ഓഫീസിലേക്ക് അയച്ചു നൽകേണ്ടതാണ്. തിരുവനന്തപുരം തൈക്കാട് സ്ഥിതി ചെയ്യുന്ന ഹെഡ് ഓഫീസ്, എറണാകുളം, കോഴിക്കോട് ജില്ലകളിലുള്ള റീജിയണൽ ഓഫീസ്, മലപ്പുറം ജില്ലയിലുള്ള ലെയ്സൺ ഓഫീസ് എന്നിവിടങ്ങളിൽ പെൻഷൻ വാങ്ങുന്നവർക്ക് നേരിട്ട് എത്തി ഒപ്പിടുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശത്തുള്ളവർക്ക് ഇന്ത്യൻ എംബസി മുഖാന്തരം സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. അതിന് സാധിക്കാത്തവർക്ക് വിദേശത്തുള്ള പ്രവാസി ക്ഷേമ ബോർഡ് ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് ഡയറക്ടറുടെ ഇമെയിൽ വഴി ബോർഡിലേക്ക് അയക്കാം. ആധാർ നമ്പർ ഇതേവരെ അപ്ഡേറ്റ് ചെയ്തിട്ടില്ലാത്ത പെൻഷൻകാർ ആധാർ കാർഡിന്റെ പകർപ്പിൽ മെമ്പർഷിപ്പ് നമ്പർ രേഖപ്പെടുത്തി ലൈഫ് സർട്ടിഫിക്കറ്റിനോടൊപ്പം അയച്ചു നൽകണം. ലൈഫ് സർട്ടിഫിക്കറ്റിന്റെ മാതൃക, വിദേശത്തുള്ള ഡയറക്ടർമാരുടെ വിവരങ്ങൾ എന്നിവ www.pravasikerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

# കീം-2025 മറ്റ് പരീക്ഷാ കേന്ദ്രങ്ങൾ കൂടി കൂട്ടിചേർക്കാൻ അവസരം

കീം 2025 എൻജിനിയറിങ്, ഫാർമസി പ്രവേശന പരീക്ഷയ്ക്ക് ബഹറിൻ പരീക്ഷാ കേന്ദ്രമായി ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് ഇന്ത്യയിലെ മറ്റ് കീം പരീക്ഷാകേന്ദ്രങ്ങൾ കൂടി 2 മുതൽ 8 വരെയുള്ള ഓപ്ഷനുകൾ ആയി കൂട്ടിച്ചേർക്കുന്നതിന് അവസരം ലഭ്യമാക്കിയിട്ടുണ്ട്. കീം 2025 അപേക്ഷിച്ചവർക്ക് പുതിയ കേന്ദ്രങ്ങൾ കൂട്ടിച്ചേർക്കുന്നതിന് മാർച്ച് 12 വൈകിട്ട് 5 മണിവരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും.

ബഹറിൻ പരീക്ഷാ കേന്ദ്രമായി എൻജിനിയറിങ്, ഫാർമസി പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർ പുതിയ പരീക്ഷ കേന്ദ്രങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി മേൽ വെബ്സൈറ്റിൽ 'KEAM 2025- Application' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പറും, പാസ്വേഡും നൽകി ലോഗിൻ ചെയ്ത് ഹോം പേജിൽ പ്രവേശിച്ച് 'Add Centre' എന്ന മെനു ക്ലിക്ക് ചെയ്ത് ഇന്ത്യയിലെ മറ്റ് കീം പരീക്ഷാ കേന്ദ്രങ്ങൾ 2 മുതൽ 8 വരെയുള്ള ഓപ്ഷനുകളായി കൂട്ടിച്ചേർക്കാവുന്നതാണ്. ഹെൽപ് ലൈൻ നമ്പർ: 0471 2525300, 2332120, 2338487.

# ദേവസ്വം ബോർഡുകൾക്കായി അനുവദിച്ചത് 600.70 കോടി രൂപ

2016-17 കാലയളവ് മുതൽ നാളിതുവരെ കേരളത്തിലെ ദേവസ്വം ബോർഡുകൾക്കായി സംസ്ഥാന സർക്കാർ 600.70 കോടി രൂപ (അറുനൂറു കോടി എഴുപത് ലക്ഷം രൂപ) അനുവദിച്ചതായി മന്ത്രി വി എൻ വാസവൻ നിയമസഭയെ അറയിച്ചു. ഡിമാന്റ് ഡിസ്കഷന് മറുപടി പറയുകയായിരുന്നു മന്ത്രി.

തിരുവിതാകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, ശ്രീപത്മനാഭസ്വാമി ക്ഷേത്രം എന്നിവയടക്കമുള്ള സ്ഥാപനങ്ങൾക്കായാണ് ഈ തുക അനുവദിച്ചിരിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് 144.96 കോടി, കൊച്ചിൻ ദേവസ്വം ബോർഡ് 26.38 കോടി, മലബാർ ദേവസ്വത്തിന് 250.77 കോടി, കൂടൽമാണിക്യം ദേവസ്വംത്തിന് 15 ലക്ഷം രൂപ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് 17.41 കോടി, ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന് 3.38 കോടി, ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് 83.95 കോടി, ശബരിമല സാനിട്ടേഷൻ സൊസൈറ്റിക്ക് 20.42 കോടി, ശബരിമല ഇടത്താവളം പദ്ധതികൾക്കായി 116.41 കോടി എന്നിങ്ങനെയാണ് തുക അനുവദിച്ചിരിക്കുന്നത്.

മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളത്തിനായി നടപ്പുവർഷം 25.38 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് (202425) ആയതിനാൽ 18.27 കോടി രൂപ നാല് ഗഡുക്കളായി അനുവദിച്ചുകഴിഞ്ഞു. മലബാർ ദേവസ്വം ബോർഡിന് (202425) നോൺ സാലറി ഇനത്തിൽ 11.38 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായ പദ്ധതി പ്രകാരം നിലവിൽ 1544 ആചാരസ്ഥാനികർക്കും 368 കോലധാരികൾക്കും ധനസഹായം നൽകിവരുന്നുണ്ട്. പ്രതിമാസ ധനസഹായം 1400 രൂപയിൽ നിന്നും 1600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2024 - 2025 സാമ്പത്തിക വർഷം ഇതിനായി 5.30 കോടി രൂപ വകയിരുത്തുകയും പ്രസ്തുത തുക പൂർണ്ണമായും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക ധനസഹായം അനുവദിക്കുന്നതിനായി 1.70 കോടി രൂപയുടെ പ്രൊപ്പോസൽ ധനവകുപ്പിന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയിൽ ഗുണഭോക്താക്കളായി ചേരുന്നതിന് പുതുതായി 559 അപേക്ഷകൾ കൂടി ലഭ്യമായത് പരിശോധിച്ച് വരികയാണെന്നും മന്ത്രി പറഞ്ഞു.

# സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ്

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം ഒരു സ്വകാര്യ സ്ഥാപനവുമായി സംയോജിച്ച് പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് വേണ്ടി മാർച്ച് 19ന് സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കും.

താൽപര്യമുള്ള ഉദ്യോഗാർഥികൾ മാർച്ച് 18ന് വൈകിട്ട് 4 മണിക്ക് മുമ്പായി https://forms.gle/SNBzVySkqaha5zj28 ഗൂഗിൾ ലിങ്കിൽ രജിസ്റ്റർ ചെയ്യണം. ലിങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റയും വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ്, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം മാർച്ച് 19 ന് രാവിലെ 10 മണിക്ക് നാഷണൽ കരിയർ സെന്റർ ഫോർ എസ്.സി, എസ്.ടി, സംഗീത കോളേജിന് പിറക് വശം, തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിലെത്തി നേരിട്ട് ഇന്റർവ്യൂവിന് ഹാജരാകണം. ഒഴിവ് സംബന്ധമായ വിശദ വിവരങ്ങൾക്ക് 'NATIONAL CAREER CENTRE FOR SC/STs, Trivandrum'' ഫേസ്ബുക്ക് പേജ് സന്ദർശിക്കുക. വിശദ വിവരങ്ങൾക്ക്: 0471 2332113.

# പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അനുമതി നൽകാൻ കഴിയില്ല

സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വിവിധ വ്യവസ്ഥകൾ അനുസരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ പഞ്ചവൽസര എൽ.എൽ.ബി കോഴ്സിന്റെ അഡ്മിഷൻ നടപടികൾ 2024 നവംബർ 20ന് പൂർത്തീകരിച്ചിട്ടുണ്ട്. പ്രോസ്പെക്ടസിലെ 18.23 (5) (ശ) പ്രകാരം ഒരു കോളേജിൽ നിന്നും മറ്റൊരു കോളേജിലേക്ക് മ്യൂച്ചൽ ട്രാൻസ്ഫറിന് കഴിയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകളിന്മേൽ മാറ്റം വരുത്തുവാൻ സാധ്യമല്ല. അലോട്ട്മെന്റിന്റെ ഭാഗമായി വരുന്ന കോളേജ് ട്രാൻസ്ഫർ മാത്രമാണ് പ്രവേശന പരീക്ഷ കമ്മീഷണർ ചെയ്യുന്നത്. അലോട്ട്മെന്റ് നടപടികൾ പൂർത്തിയായി കഴിഞ്ഞാൽ പിന്നീടുള്ള കോളേജ് ട്രാൻസ്ഫർ അതതു കോളേജുകൾ/ വകുപ്പുകൾ/ സർവകലാശാലകൾ അവരവരുടെ നിയമങ്ങൾക്കനുസൃതമായാണ് ചെയ്യുന്നതെന്നും പ്രവേശന പരീക്ഷാ കമ്മീഷണറുട ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമല്ലാത്തതിനാൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുന്നതല്ലെന്നും പ്രവേശന പരീക്ഷ കമ്മീഷണറുടെ ഓഫീസ് അറിയിച്ചു. വിഷയം മേൽനടപടികൾക്കായി സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

# സിറിയൻ സേന അലാവികളെ കൂട്ടക്കൊല ചെയ്യുന്നു

ഡമാസ്കസ്: സിറിയയിൽ പലായനം ചെയ്ത മുൻ പ്രസിഡൻറ് ബഷാൽ അൽ അസാദിന്റെ അലാവി സമുദായത്തിനെതിരേ സർക്കാർസേന നടത്തുന്ന സൈനിക നടപടിയിൽ വൻതോതിൽ സാധാരണക്കാർ കൊല്ലപ്പെടുന്നു. വെള്ളി, ശനി ദിവസങ്ങളിൽ 745 സിവിലിയന്മാരെ കൂട്ടക്കൊല ചെയ്തതായി സിറിയൻ ഒബ്സർവേറ്ററി എന്ന സന്നദ്ധസംഘടന അറിയിച്ചു.

സർക്കാർ സേനയ്ക്കു പുറമേ, സിറിയയിലെ പുതിയ ഭരണകൂടത്തെ പിന്തുണയ്ക്കുന്ന സായുധ സംഘടനകളും അലാവികളെ ആക്രമിക്കുന്നുണ്ട്. അസാദിന്റെ ക്രൂരഭരണത്തിനെതിരായ പ്രതികാരമാണ് ഇവർ നിർവഹിക്കുന്നതെന്നു ചില റിപ്പോർട്ടുകളിൽ പറയുന്നു. തുറമുഖ പ്രദേശങ്ങളായ ലഡാകിയ, ടാർട്ടർ എന്നിവടങ്ങളിൽനിന്ന് അലാവികൾ കൂട്ടപ്പലായനം ആരംഭിച്ചു. ഇതിനിടെ സിറിയൻ ഭരണാധികാരി അഹമ്മദ് അൽ ഷാര സമാധാനത്തിനും ഐക്യത്തിനും ആഹ്വാനം ചെയ്തു രംഗത്തുവന്നു. അലാവികളുടെ ശക്തികേന്ദ്രമായ ലഡാകിയയിലും ടാർട്ടറിലും വ്യാഴാഴ്ചയാണു സൈനിക നടപടി ആരംഭിച്ചത്. അസാദിന്റെ കാലത്ത് പട്ടാളത്തിലുണ്ടായിരുന്നവർ സർക്കാർ സേനയെ ആക്രമിച്ചതോടെയാണ് ഏറ്റുമുട്ടൽ തുടങ്ങിയത്. സർക്കാർ സേനയെ പിന്തുണച്ച് സായുധ ഗ്രൂപ്പുകളും രംഗത്തിറങ്ങി. അലാവികളെ ലക്ഷ്യമിട്ട് 30 കൂട്ടക്കൊലകൾ നടന്നുവെന്നാണു സിറിയൻ ഓബ്സർവേറ്ററി അറിയിച്ചത്. ഇരുഭാഗത്തെയും നാശം കണക്കിലെടുത്താൻ മരണസംഖ്യ ആയിരത്തിനു മുകളിൽ വരും. സർക്കാർ സേനയിലെ ഇരുനൂറോളം പേരെങ്കിലും കൊല്ലപ്പെട്ടിട്ടുണ്ട്.

ആക്രമങ്ങളിൽ ഞടുങ്ങിയ അലാവി സമുദായക്കാർ അയൽരാജ്യമായ ലബനനിലേക്കു പലായനം തുടങ്ങി. കുറേപ്പേർ ലഡാകിയയിലെ റഷ്യൻ സൈനിക താവളത്തിൽ അഭയം തേടാൻ ശ്രമിച്ചു. അസാദിന്റെ ഭരണകാലത്ത് അധികാരവും ഉന്നതപദവികളും കൈയാളിയിരുന്ന അലാവികൾ സിറിയൻ ജനസംഖ്യയുടെ പത്തു ശതമാനമേയുള്ളൂ. സിറിയയുടെ ഐക്യവും സമാധാനവും കാത്തുസൂക്ഷിക്കണമെന്നും എല്ലാവർക്കും ഒരുമിച്ചു ജീവിക്കാനാകുമെന്നും ഇടക്കാല പ്രസിഡൻറ് അൽ ഷാര ഇന്നലെ പറഞ്ഞു. ഡിസംബറിൽ അൽ ഷാര നേതൃത്വം നല്കിയ വിമതർ ഭരണം പിടിച്ചെടുത്തതോടെ അസാദ് റഷ്യയിലേക്കു രക്ഷപ്പെടുകയായിരുന്നു.

# കുൽഭൂഷൻ ജാദവിനെ തട്ടിക്കൊണ്ടുപോകാൻ സഹായിച്ച മതപണ്ഡിതൻ അജ്ഞാതരുടെ വെടിയേറ്റു കൊല്ലപ്പെട്ടു

ഇസ്‌ലാമാബാദ്: മുൻ ഇന്ത്യൻ നാവികസേന ഉദ്യോഗസ്ഥൻ കുൽഭൂഷൺ ജാദവിനെ തട്ടിക്കൊണ്ടുപോകാൻ പാക് ചാരസംഘടനയായ ഐഎസ്ഐയെ സഹായിച്ച മതപണ്ഡിതൻ വെടിയേറ്റ് മരിച്ചു. മുഫ്തി ഷാ മിർ ആണ് അജ്ഞാതരുടെ വെടിയേറ്റു മരിച്ചത്. ബലൂചിസ്ഥാൻ പ്രവിശ്യയിലെ തുർബത്തിലെ മോസ്കിൽ വെള്ളിയാഴ്ച രാത്രി പ്രാർഥനയ്ക്കുശേഷം പുറത്തിറങ്ങിയ മുഫ്തിക്കുനേരെ ബൈക്കിലെത്തിയ അജ്ഞാതസംഘം വെടിയുതിർക്കുകയായിരുന്നു. ഉടൻതന്നെ ഇയാളെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ബലൂചിസ്ഥാനിലെ പ്രമുഖ മതപണ്ഡിതനായ മുഫ്തി ഷാ മിറിനു നേരേ കഴിഞ്ഞവർഷം രണ്ടുതവണ വധശ്രമം നടന്നിരുന്നു. ഇതെത്തുടർന്ന് അദ്ദേഹം അധികം പുറത്തിറങ്ങാറില്ലായിരുന്നു.

ജാമിയത്ത് ഉലമ-ഇ-ഇസ്‌ലാം (ജെയുഐ) അംഗമായിരുന്ന മുഫ്തി മതപഠനത്തിന്റെ മറവിൽ മനുഷ്യക്കടത്ത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നാണ് സൂചന. പാക് ചാരസംഘടനയായ ഐഎസ്ഐയുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ഇയാൾ, പാക്കിസ്ഥാനിലെ ഭീകരവാദികളുടെ ക്യാന്പുകൾ സന്ദർശിക്കുകയും ഭീകരരെ ഇന്ത്യയിലേക്ക് നുഴഞ്ഞുകയറാൻ സഹായിക്കുകയും ചെയ്തതായി റിപ്പോർട്ടുണ്ട്.

നിരവധി ബലൂചിസ്ഥാൻ യുവാക്കളെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയതിൽ നിർണായക പങ്ക് വഹിച്ച മുഫ്തി, ബലൂചിസ്ഥാനിൽ മതതീവ്രവാദം പ്രചരിപ്പിക്കുന്നതിനും നേതൃത്വം നൽകി. ബലൂച് പോരാളികളെക്കുറിച്ചുള്ള വിവരങ്ങൾ പാക്കിസ്ഥാൻ സൈന്യത്തിന് ചോർത്തിക്കൊടുത്തിരുന്ന ഇയാൾ 2023ൽ ടർബത്തിൽ മതനിന്ദ ആരോപിച്ച് അബ്ദുൾ റൗഫ് എന്ന അധ്യാപകനെ കൊല്ലാൻ ആഹ്വാനം നൽകുകയുമുണ്ടായി.

നാവികസേനയിൽനിന്നു വിരമിച്ചശേഷം ഇറാനിലെ ചബഹാറിൽ വ്യാപാരസ്ഥാപനം നടത്തിയിരുന്ന മഹാരാഷ്ട്രയിലെ സാംഗ്ലി സ്വദേശിയായ കുൽഭൂഷൻ ജാദവിനെ പാക്-അഫ്ഗാൻ അതിർത്തിയിലെ ബലൂചിസ്ഥാനിൽപ്പെട്ട ചമാൻ മേഖലയിൽ വച്ച് 2016 മാർച്ച് മൂന്നിനാണ് പിടികൂടിയത്. പിന്നീട് പാക് സൈന്യത്തിനു കൈമാറി.

2017 ഏപ്രിലിൽ ചാരവൃത്തിയും ഭീകരവാദവും ആരോപിച്ച് പാക് സൈനിക കോടതി വധശിക്ഷ വിധിച്ചിരുന്നു. വധശിക്ഷയ്ക്കെതിരേ ഇന്ത്യ അന്താരാഷ്ട്ര നീതിന്യായ കോടതിയെ സമീപിക്കുകയും തുടർന്ന് വധശിക്ഷ കോടതി സ്റ്റേ ചെയ്യുകയുമുണ്ടായി. കുൽഭൂഷണെതിരേ പാക്കിസ്ഥാൻ ഉന്നയിച്ച ആരോപണങ്ങളെല്ലാം ഇന്ത്യ തള്ളിക്കളഞ്ഞിരുന്നു.

# ആശാ വർക്കർമാരുടെ സമരം പാർലമെൻറിൽ ഉന്നയിച്ച് കേരളത്തിൽ നിന്നുള്ള എംപിമാർ

ന്യൂഡൽഹി: ഒരു മാസക്കാലമായി തിരുവനന്തപുരം സെക്രട്ടറിയേറ്റിന് മുമ്പിൽ ആശാ വർക്കർമാർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിവരുന്ന സമരം ലോക്സഭയിൽ ഉന്നയിച്ച് കോൺഗ്രസ്. കൊടിക്കുന്നിൽ സുരേഷ് എംപിയാണ് ലോക്സഭയിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. വി. കെ. ശ്രീകണ്ഠൻ എംപി മലയാളത്തിൽ വിഷയമുന്നയിച്ചു.

ആശാ വർക്കർമാരുടെ മാന്യമായ ആവശ്യത്തിനായുള്ള സമരം സർക്കാർ കണ്ടില്ലെന്ന് നടിക്കുകയാണ്. ആശമാരെ സ്ഥിരജീവനക്കാരായി പരിഗണിക്കുക, സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുക എന്നീ ആവശ്യങ്ങൾ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും നോട്ടീസിൽ ആവശ്യപ്പെട്ടു.

ആശാ വർക്കർമാർക്ക് നിലവിലുള്ള 7,000 രൂപയ്ക്ക് പകരം 21,000 രൂപ വേതനവും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും നൽകണമെന്ന് കെ. സി. വേണുഗോപാൽ എംപി പാർലമെൻറിലെ പ്രസംഗത്തിൽ ആവശ്യപ്പെട്ടു. അതേസമയം, പൊതുജനാരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നവരുടെ അവസ്ഥയാണ് ആശാ വർക്കർമാരുടെ സമരം വ്യക്തമാക്കുന്നതെന്നും അവർക്ക് സാമ്പത്തിക സുരക്ഷിതത്വം നൽകണമെന്നും ശശി തരൂർ എംപി ആവശ്യപ്പെട്ടു. രാജ്യസഭയിൽ മുൻ ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ രേഖ ശർമയാണ് വിഷയം അവതരിപ്പിച്ചത്. ആശാ പ്രവർത്തകർക്ക് നല്കാനുള്ള കുടിശിക തീർക്കണമെന്നും പ്രതിമാസ വേതനവും പെൻഷനും അനുവദിക്കണമെന്നും രേഖ ശർമ ആവശ്യപ്പെട്ടു. അതേസമയം, സഭയിലുണ്ടായിരുന്ന കേന്ദ്ര മന്ത്രിമാരാരും വിഷയത്തോട് പ്രതികരിച്ചില്ല.

# പൊന്തിഫിക്കൽ സയൻസ് അക്കാദമിയിലേക്ക് നാസ ശാസ്ത്രജ്ഞയും ചൈനീസ് ജീവശാസ്ത്രജ്ഞനും

വത്തിക്കാൻ സിറ്റി: ശാസ്ത്ര സംബന്ധമായ വിഷയങ്ങളിൽ പഠനം നടത്തുന്ന വത്തിക്കാനിലെ വിഭാഗമായ പൊന്തിഫിക്കൽ അക്കാദമി ഓഫ് സയൻസസിൽ അംഗങ്ങളായി യുഎസ് ബഹിരാകാശ ഗവേഷണ ഏജൻസിയായ നാസയിലെ ശാസ്ത്രജ്ഞ മരിയ സുബർ, ചൈനീസ് ജീവശാസ്ത്രജ്ഞൻ മെങ് ആൻമിംഗ് എന്നിവരുൾപ്പെടെ അഞ്ചുപേരെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു.

ഹാർവാർഡ് മെഡിക്കൽ സ്കൂളിലെ ജനിതകശാസ്ത്രജ്ഞ പ്രഫ. ഒലിവിയർ പൗർകി, ചിലിയൻ തന്മാത്രാ ജനിതകശാസ്ത്രജ്ഞൻ ലൂയിസ് ഫെർണാണ്ടോ ലാറോണ്ടോ കാസ്ട്രോ, മെക്സിക്കൻ പരിസ്ഥിതിശാസ്ത്രജ്ഞ സെസിലിയ ടോർട്ടജാഡ എന്നിവരാണ് നിയമിക്കപ്പെട്ട മറ്റ് അംഗങ്ങൾ. ഭ്രൂണ ഗവേഷണത്തിൽ വൈദഗ്ധ്യം നേടിയയാളാണു മെങ് ആൻമിംഗ്. നിരവധി നാസ ദൗത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അമേരിക്കൻ ഗ്രഹ ശാസ്ത്രജ്ഞയാണ് മരിയ സുബർ. വിവിധ ശാസ്ത്രമേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ച 80 അംഗങ്ങളാണ് പൊന്തിഫിക്കൽ അക്കാദമി ഓഫ് സയൻസസിലുള്ളത്. 1936ൽ പീയൂസ് പതിനൊന്നാമൻ മാർപാപ്പയാണ് പൊന്തിഫിക്കൽ അക്കാദമി ഓഫ് സയൻസസ് സ്ഥാപിച്ചത്. ശാസ്ത്രപുരോഗതിയും വിവിധ വിഷയങ്ങളിലുള്ള ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനായി പൊന്തിഫിക്കൽ അക്കാദമി ഓഫ് സയൻസസ് പ്രമുഖ അന്താരാഷ്ട്ര വിദഗ്ധരെ ഒന്നിച്ച് അണിനിരത്തുന്നു.

പ്രധാന ശാസ്ത്രീയ, ധാർമിക വിഷയങ്ങൾ പരിശോധിക്കുന്നതിനായി വത്തിക്കാൻ സംഘടിപ്പിക്കുന്ന പഠന ഗ്രൂപ്പുകളിലും മീറ്റിംഗുകളിലും അംഗങ്ങൾ പങ്കെടുക്കുന്നു.

# തെലങ്കാനയിലെ തുരങ്ക ദുരന്തം: രക്ഷാപ്രവർത്തനത്തിന് കേരള പോലീസും

നാഗർകുർണൂൽ (തെലുങ്കാന): തെലുങ്കാനയിലെ നാഗർകുർണൂലിൽ ശ്രീശൈലം ഇടതുകര കനാൽ പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന ടണലിൽ മണ്ണിടിച്ചിലിനെത്തുടർന്ന് രണ്ടാഴ്ചയായി കുടുങ്ങിക്കിടക്കുന്ന എട്ടു തൊഴിലാളികളെ കണ്ടെത്താൻ ശ്രമം തുടരുന്നു. തുരങ്കത്തിൽ രണ്ടിടത്ത് മനുഷ്യസാന്നിധ്യം ഉണ്ടെന്ന് വെള്ളിയാഴ്ച അപകടസ്ഥലത്ത് എത്തിച്ച കഡാവർ നായ്ക്കൾ കണ്ടെത്തിയിരുന്നു. ഇവിടം കേന്ദ്രീകരിച്ച് രക്ഷാപ്രവർത്തകർ മണ്ണും ചെളിയും നീക്കംചെയ്യുകയാണ്. വെള്ളിയാഴ്ച രാവിലെയാണ് കേരള പോലീസിലെ കഡാവർ നായ്ക്കൾ രക്ഷാപ്രവർത്തനത്തിന് അപകടസ്ഥലത്ത് എത്തിയത്. 15 അടി താഴ്ചവരെ മനുഷ്യരുടെ സാന്നിധ്യം കണ്ടെത്താൻ നായ്ക്കൾക്കു പരിശീലനം ലഭിച്ചിട്ടുണ്ട്. തൊഴിലാളികളെ കണ്ടെത്തുന്നതിനായി നാലുകോടി രൂപ മുടക്കി യന്ത്രമനുഷ്യരെ ഉടൻ എത്തിക്കുമെന്ന് തെലുങ്കാന ജലസേചനമന്ത്രി എൻ. ഉത്തംകുമാർ റെഡ്ഡി പറഞ്ഞു. ഹൈദരാബാദിലെ സ്വകാര്യ കന്പനിയെ ഇതിനായി ചുമതലപ്പെടുത്തിയെന്നും സ്ഥലം സന്ദർശിച്ചശേഷം മന്ത്രി പറഞ്ഞു.

# കർണാടകയിൽ മാവോയിസ്റ്റുകളുടെ പുനരധിവാസത്തിന് 10 കോടി

ബംഗളൂരു: ആയുധം താഴെവച്ച് കീഴടങ്ങുന്ന മാവോയിസ്റ്റുകളുടെ പുനരധിവാസത്തിനായി കർണാടക സർക്കാർ പത്തു കോടി രൂപ വകയിരുത്തി. ഇന്നലെ അവതരിപ്പിച്ച സംസ്ഥാന ബജറ്റിലാണ് മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചത്. കർണാടക നക്സൽ രഹിത സംസ്ഥാനമായതായും അതിനാൽ നക്സൽ വിരുദ്ധ സേനയെ പിരിച്ചുവിടുമെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

ബജറ്റിൽ ബംഗളൂരു നഗരത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് 7000 കോടി രൂപ നീക്കിവച്ചു. ന്യൂനപക്ഷക്ഷേമത്തിന് 1000 കോടി വകയിരുത്തി. ന്യൂനപക്ഷങ്ങളുടെ സാമൂഹിക-സാന്പത്തിക വികസനത്തിനായി ജൈന, ബുദ്ധ, സിക്ക് മതവിഭാഗങ്ങൾക്ക് 100 കോടി വീതവും ക്രിസ്ത്യൻ സമുദായത്തിന് 250 കോടിയും വകയിരുത്തി. ജൈനമത പൂജാരിമാർ, സിക്ക് ഗുരുദ്വാരകളിലെ മുഖ്യ പുരോഹിതർ, മോസ്കുകളിലെ ഇമാമുമാർ എന്നിവരുടെ പ്രതിമാസ ഹോണറേറിയം 6000 രൂപയായി വർധിപ്പിച്ചു.

വനിതാ ശക്തീകരണം മുൻനിർത്തി സംസ്ഥാനത്ത് 15 പുതിയ വനിതാ കോളജുകൾ ആരംഭിക്കും. ഒഴിഞ്ഞുകിടക്കുന്ന വഖഫ് വസ്തുക്കളിലായിരിക്കും കോളജുകൾ സ്ഥാപിക്കുക.

സംസ്ഥാനത്തെ മൾട്ടിപ്ലക്സുകൾ ഉൾപ്പെടെ എല്ലാ തിയറ്ററുകളിലെയും ടിക്കറ്റ് നിരക്ക് 200 രൂപയായി പരിമിതപ്പെടുത്തി. കന്നഡ സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കർണാടക ഒടിടി പ്ലാറ്റ്ഫോം തുടങ്ങുമെന്നും മുഖ്യമന്ത്രി സിദ്ധരാമയ്യ ബജറ്റിൽ പ്രഖ്യാപിച്ചു.

സിനിമാ മേഖലയ്ക്ക് വ്യവസായ പദവി നൽകും. മൈസൂരുവിൽ 500 കോടി രൂപ ചെലവിൽ പിപിപി മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഫിലിം സിറ്റി വികസിപ്പിക്കാനായി 150 ഏക്കർ ഭൂമി ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന് കൈമാറിയതായും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

# മീഡിയ മാഗസിന്റെ 2025ലെ മീഡിയ പേഴ്സൺ ഓഫ് ദി ഇയർ അവാർഡ് ആഫ്രിക്കൻ മാധ്യമപ്രവർത്തക മരിയം ഔഡ്രാഗോയ്ക്ക്

കേരള മീഡിയ അക്കാദമിയുടെ മുഖമാസികയായ 'മീഡിയ'യുടെ 2025ലെ മീഡിയ പേഴ്സൺ ഓഫ് ദി ഇയറായി പ്രശസ്ത ആഫ്രിക്കൻ മാധ്യമ പ്രവർത്തക മരിയം ഔഡ്രാഗോയെ തിരഞ്ഞെടുത്തു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ലൈംഗികാതിക്രമം നടത്തുന്നവർക്കെതിരെ അന്താരാഷ്ട്ര തലത്തിൽ പ്രസിദ്ധീകരിക്കുന്ന സ്തോഭജനകമായ റിപ്പോർട്ടുകളാണ് മരിയയെ അവാർഡിനർഹയാക്കിയത്. ഒരു ലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവുമുൾപ്പെടുന്നതാണ് പുരസ്കാരം. ഇൻവെസ്റ്റിഗേറ്റീവ് ജേണലിസ്റ്റുകളുടെ സാർവദേശീയ സംഘടനയുടെ ഇന്ത്യൻ പ്രതിനിധികളുടെ കൂടി അഭിപ്രായം കേട്ട് മീഡിയ മാഗസിന്റെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടെ നിർദ്ദേശത്തോടെയും അംഗീകാരത്തോടെയുമാണ് പുരസ്കാര ജേതാക്കളെ തെരെഞ്ഞെടുക്കുന്നത്.

ഉക്രൈനിലെ നതാലിയ ഗുമെനിയുക്കും (Nataliya Gumenyuk) അൽ ജസീറ ചാനലിന്റെ അവതാരകയായ എലിസബത്ത് പുരാനമിനും (Elizabeth Puranam| പ്രത്യേക പരാമർശത്തിനർഹരായി.

ഉക്രൈൻ-റഷ്യ യുദ്ധത്തിനിടയിൽ ഉക്രൈനിൽ നിന്നും കുട്ടികളെ റഷ്യൻ സൈന്യം തട്ടിക്കൊണ്ടുപോകുന്നു എന്ന നതാലിയയുടെ വാർത്തയെത്തുടർന്നാണ് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനെതിരെ അന്താരാഷ്ട്ര ക്രിമിനൽ കോടതി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചത്.

പലസ്തീനിലെയും സിറിയയിലെയും മധ്യേഷ്യയിലെയും സംഭവവികാസങ്ങൾ ഏറ്റവുമധികം അവതരിപ്പിച്ച മാധ്യമപ്രവർത്തക എന്ന പ്രത്യേകത എലിസബത്തിനുണ്ട്. ന്യൂസിലണ്ട് സ്വദേശിയാണ്.

# പാക്–ചൈന സൗഹൃദം ഭീഷണി: കരസേനാ മേധാവി

ന്യൂഡൽഹി: പാക്കിസ്ഥാനും ചൈനയും തമ്മിൽ വലിയ തോതിൽ ഒത്തുകളി നടത്തുന്നതാണ് ഇന്ത്യ നേരിടുന്ന വലിയ ഭീഷണിയെന്ന് ഇരുരാജ്യങ്ങളെയും പേരെടുത്തു പറയാതെ കരസേനാ മേധാവി ഉപേന്ദ്ര ദ്വിവേദി. ഇക്കാരണത്താൽ രണ്ടു ഭാഗത്തുനിന്നും രാജ്യത്തിനു ഭീഷണി ഉണ്ട് എന്നതാണ് യാഥാർഥ്യമെന്നും ഇന്ത്യാ ടുഡെ കോൺക്ലേവിൽ അദ്ദേഹം പറഞ്ഞു.

സൈന്യത്തിന്റെ ഭാവി പദ്ധതികൾ, ബംഗ്ലാദേശിലെ സ്ഥിതിഗതികൾ, നിയന്ത്രണരേഖയിലെ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾക്കും കരസേനാ മേധാവി ഉത്തരം നൽകി.

ബംഗ്ലാദേശുമായുള്ള പാക്കിസ്ഥാന്റെ സൗഹൃദവും വെല്ലുവിളിയാണ്. ഭീകരതയുടെ പ്രഭവസ്ഥാനം ഒരു രാജ്യമാണെന്ന് നേരത്തേ പറഞ്ഞിട്ടുള്ളതാണ്. ആ രാജ്യം എന്റെ ഏതെങ്കിലും അയൽരാജ്യവുമായി ബന്ധപ്പെട്ടാൽ സ്വാഭാവികമായും ആശങ്കയുണ്ടാകേണ്ടതാണ്.

ബംഗ്ലാദേശിലെ ഭരണമാറ്റം ഇന്ത്യയുമായുള്ള ബന്ധത്തെ എങ്ങനെ ബാധിക്കുമെന്ന് പറയാറായിട്ടില്ല. ഇരുരാജ്യങ്ങളിലെയും സൈന്യങ്ങൾ തമ്മിലുള്ള ബന്ധം ശക്തമാണ്.

പരസ്പരമുള്ള സംശയങ്ങൾ പരിഹരിച്ചാണ് മുന്നോട്ടു പോകുന്നത്. ആരുമായും യുദ്ധം ചെയ്യുന്നത് ഒന്നിനും പരിഹാരമാകില്ലെന്നും സേനാ മേധാവി ചൂണ്ടിക്കാട്ടി.

# അഭിമുഖം

വയനാട് സർക്കാർ നഴ്സിംഗ് കോളേജിൽ ട്യൂട്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് താൽകാലിക നിയമനത്തിന് മാർച്ച് 22 ന് അഭിമുഖം നടത്തും. എം.എസ്.സി നഴ്സിംഗ് യോഗ്യതയും, കെഎൻഎംസി പെർമനന്റ് രജിസ്ട്രേഷനും ഉള്ള ഉദ്യോഗാർഥികൾക്ക് പങ്കെടുക്കാം. താൽപര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പ്രവൃത്തി പരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ്സ് തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം രാവിലെ 11 മണിക്ക് വയനാട് സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം.

# ഉയർന്ന തിരമാല കള്ളക്കടൽ ജാഗ്രതാ നിർദേശം

തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നാളെ മാർച്ച് 11 രാവിലെ 08.30 മുതൽ മാർച്ച് 12 രാത്രി 11.30 വരെ 0.8 മുതൽ 1.2 മീറ്റർ വരെയും; കന്യാകുമാരി തീരത്ത് (നാളെ) മാർച്ച് 11 രാവിലെ 08.30 മുതൽ മാർച്ച് 12 രാത്രി 11.30 വരെ 1.0 മുതൽ 1.3 മീറ്റർ വരെയും കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം (INCOIS) അറിയിച്ചു.

കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം. കടൽ ക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്.

കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുള്ള ഘട്ടത്തിൽ കടലിലേക്ക് മത്സ്യബന്ധന യാനങ്ങൾ ഇറക്കുന്നത് പോലെ തന്നെ അപകടകരമാണ് കരക്കടുപ്പിക്കുന്നതും. ആയതിനാൽ തിരമാല ശക്തിപ്പെടുന്ന ഘട്ടത്തിൽ കടലിലേക്ക് ഇറക്കുന്നതും കരക്കടുപ്പിക്കുന്നതും ഒഴിവാക്കേണ്ടതാണ്. കചജഛകട മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളിലും ശ്രദ്ധ പുലർത്തേണ്ടതാണ്.

മൽസ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കാം. മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണം. തീരശോഷണത്തിനു സാധ്യതയുള്ളതിനാൽ പ്രത്യേകം ജാഗ്രത പുലർത്തണം.

# യുപിയിൽ കുട്ടികളെ കടത്തുന്ന അന്തർസംസ്ഥാന സംഘം പിടിയിൽ

ബല്ലിയ (യുപി): ഉത്തർപ്രദേശിൽ കുട്ടികളെ കടത്തുന്ന അന്തർസംസ്ഥാന സംഘം പിടിയിൽ. അശോക് കുമാർ കുമാവത് (25), കിഷൻ ഭാട്ടി, മോഹൻ യാദവ് (24) എന്നിവരെയും പ്രായപൂർത്തിയാകാത്ത ആൺകുട്ടിയെയുമാണ് അറസ്റ്റ് ചെയ്തത്.

പെൺകുട്ടികളെ വിവാഹത്തിനും മറ്റ് സംസ്ഥാനങ്ങളിലേ വീട്ടുജോലിക്കുമായി വിൽക്കുകയായിരുന്നു സംഘം.

മണിയാർ പോലീസ് സ്റ്റേഷൻ പരിധിയിൽനിന്ന് ഒരു മാസത്തിനുള്ളിൽ സ്കൂളിലും കോളജിലും പഠിച്ചിരുന്ന രണ്ട് കൗമാരക്കാരായ പെൺകുട്ടികളെ കാണാതായിരുന്നു. ഈ കേസിൽ അന്വേഷണം നടത്തുന്നതിനിടെയാണ് സംഘത്തെക്കുറിച്ച് വിവരം ലഭിക്കുന്നത്. കാണാതായ രണ്ട് പെൺകുട്ടികളെയും സംഘത്തിൽനിന്ന് രക്ഷപ്പെടുത്തിയതായി പോലീസ് സൂപ്രണ്ട് ഓംവീർ സിംഗ് പറഞ്ഞു.

ഇവരുടെ കൈവശം ഉണ്ടായിരുന്ന 35,000 രൂപയും പോലീസ് കണ്ടെടുത്തു. റാക്കറ്റിന്റെ വ്യാപ്തി കണ്ടെത്തുന്നതിന് കൂടുതൽ അന്വേഷണം നടക്കുന്നുണ്ടെന്ന് എസ്പി സിംഗ് പറഞ്ഞു.

# ഇന്റേൺഷിപ്പ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നടന്നുവരുന്ന ബി.ടെക്/ എം.ടെക് ഫ്രഷ് (ഇലക്ട്രിക്കൽ/ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്) ഗ്രാജുവേറ്റ്സ് ഇന്റേൺഷിപ്പ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കണം. ഇത് സംബന്ധിച്ച വ്യവസ്ഥകളും ലിങ്കും കമ്മീഷൻ വെബ്സൈറ്റായ www.erckerala.org യിൽ ഇന്റേൺഷിപ്പ് ടാബിൽ ലഭ്യമാണ്. അവസാന തീയതി മാർച്ച് 25.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കളമശേരിയിൽ തീപിടിത്തം; ഗോഡൗണും വാഹനങ്ങളും കത്തിനശിച്ചു; 1.75 കോടി നഷ്ടം

കളമശേരി: കളമശേരി പള്ളിലാങ്കരയിൽ കിടക്ക നിർമാണ കമ്പനികൾക്കായി ഫോം നിർമിച്ചുനൽക്കുന്ന സ്ഥാപനത്തിൽ തീപിടിത്തം. രണ്ടു മിനിലോറികളും ഒരു സ്കൂട്ടറും 20 ഇലക്ട്രിക് സൈക്കിളും കത്തിനശിച്ചു. കളമശേരി സ്വദേശി ആഷിന്റെ ഉടമസ്ഥതയിലുള്ള ക്രെസൻറ് സെയിൽ കോർപറേഷൻ എന്ന സ്ഥാപനത്തിനും ഗോഡൗണിനുമാണ് തീപിടിച്ചത്.

സംഭവത്തിൽ 1.75 കോടി രൂപയുടെ നാശമാണ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്. അഗ്നിബാധ സമീപത്തെ കുപ്പിവെള്ള വിതരണ സ്ഥാപത്തിലേക്കു പടർന്നതും ചൂടേറ്റ് കെഎസ്ഇബിയുടെ ഹൈടെൻഷൻ ലൈൻ പൊട്ടിവീണതും ആശങ്കയ്ക്ക് ഇടയാക്കിയെങ്കിലും വൻ ദുരന്തം ഒഴിവായി.

അപകടസമയത്ത് സ്ഥാപനത്തിൽ മൂന്നു ജോലിക്കാർ ഉണ്ടായിരുന്നെങ്കിലും അത്ഭുതകരമായി രക്ഷപ്പെട്ടു. ഇവിടെ വെൽഡിംഗ് നടത്തുന്നതിനിടെ തീപ്പൊരി വീണതാണ് തീപിടിത്തത്തിനു കാരണമെന്നാണ് ഫയർ ആൻഡ് റസ്ക്യൂ ഉദ്യോഗസ്ഥരുടെയും പോലീസിന്റെയും പ്രാഥമിക നിഗമനം. ഇന്നലെ രാവിലെ 9.45 ഓടെ ആയിരുന്നു സംഭവം.

സ്ഥാപനത്തിൽനിന്ന് തീയും പുകയും ഉയരുന്നതു കണ്ട ഗോഡൗൺ ഉടമതന്നെയാണു തൃക്കാക്കര അഗ്നിരക്ഷാ ഓഫീസിൽ വിവരം അറിയിച്ചത്. എന്നാൽ നിമിഷനേരം കൊണ്ട് സ്ഥാപനം അഗ്നിക്കിരയായി. ഇതിനിടെയാണ് കെഎസ്ഇബിയുടെ ഹൈടെൻഷൻ ലൈൻ പൊട്ടിവീണത്. തീ തൊട്ടടുത്ത് പ്രവർത്തിക്കുന്ന കേവ്സർ അക്വാ പ്രോഡക്ടിലേക്കും ഈ സമയം പടർന്നിരുന്നു.

അഗ്നിരക്ഷാസേന സ്ഥലത്തെത്തി രണ്ടു മണിക്കൂറിലേറെ നടത്തിയ ശ്രമങ്ങൾക്കൊടുവിലാണ് തീ നിയന്ത്രണവിധേയമായത്. തൃക്കാക്കര, ഏലൂർ, ആലുവ, പറവൂർ, ക്ലബ് റോഡ്, ഗാന്ധി നഗർ എന്നീ അഗ്നിരക്ഷാ യൂണിറ്റുകളിൽനിന്നുള്ള അമ്പതോളം ജീവനക്കാരും നാട്ടുകാരും രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി. ക്രെസൻറ് സെയിൽസ് കോർപറേഷൻ എന്നപേരിലുള്ള ഗോഡൗൺ നിരവധി കെട്ടിടങ്ങൾക്കിടയിലാണു സ്ഥിതി ചെയ്യുന്നത്. ഗോഡൗണിലെ ജീവനക്കാർ ഉപയോഗിക്കുന്നതാണ് കത്തിനശിച്ച വാഹനങ്ങളും ഇലക്ട്രിക് സൈക്കിളുകളും. 5000 ചതുരശ്രയടിയോളം വിസ്തീർണമുള്ള ഗോഡൗൺ ടിൻ ഷീറ്റ് ഉപയോഗിച്ച് ഉണ്ടാക്കിയിട്ടുള്ളതാണ്. ഗോഡൗൺ ഉടമയുടെ സമീപത്തെ വീട്ടിലെ എസിയും ജലസംഭരണിയും തീപിടിത്തത്തിൽ കത്തിനശിച്ചു.

# ഇരട്ടവോട്ടർ ഐഡി കാർഡ്: മൂന്ന് മാസത്തിനകം പരിഹരിക്കുമെന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ

തിരുവനന്തപുരം: ഒരേ നമ്പർ ഉള്ള വോട്ടർ ഐഡി കാർഡ് പല വോട്ടർമാർക്കും നൽകിയെന്ന പ്രശ്നത്തിന് മൂന്ന് മാസത്തിനകം പരിഹാരം കാണുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ. ഇരട്ട വോട്ടർ ഐഡി കാർഡ് നമ്പർ ഉള്ള വോട്ടർമാർക്ക് അടുത്ത മൂന്ന് മാസത്തിനുള്ളിൽ സവിശേഷ വോട്ടർ ഐഡി കാർഡ് നമ്പർ ലഭ്യമാക്കുമെന്ന് കമ്മീഷൻ വ്യക്തമാക്കി.

ഭാവിയിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നവർക്കും ഇത്തരത്തിൽ സവിശേഷ നമ്പർ ഉറപ്പാക്കുമെന്നും കമ്മീഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു. ഇരട്ട വോട്ടർ ഐഡി നമ്പർ കിട്ടിയവരും യഥാർഥ വോട്ടർമാർ തന്നെയാണെന്ന് കമ്മീഷൻ അന്വേഷണത്തിലൂടെ കണ്ടെത്തിയിരുന്നു.

വോട്ടർ ഐഡി സീരീസ് അനുവദിച്ചപ്പോൾ ചില രജിസ്ട്രേഷൻ ഓഫീസർമാർ തെറ്റായ സീരീസ് നൽകിയതാണ് പിഴവിന് കാരണം. സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും അവരവരുടെ വോട്ടർ പട്ടിക സ്വതന്ത്രമായി കൈകാര്യം ചെയ്തിരുന്നത് കൊണ്ടാണ് ഇതുവരെ പിശക് കണ്ടുപിടിക്കപ്പെടാതെ പോയത്.

സാങ്കേതിക വിദഗ്ധരുമായി ചർച്ച നടത്തി ഇതിന് പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്ന് കമ്മീഷൻ അറിയിച്ചു. വോട്ടർ ഐഡി നമ്പർ ഏതാണെങ്കിലും, ഒരു പോളിംഗ് സ്റ്റേഷനിലെ വോട്ടർ പട്ടികയിൽ പേരുള്ള വോട്ടർക്ക് അവിടെ മാത്രമേ വോട്ട് ചെയ്യാൻ സാധിക്കൂവെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

വിശദമായ പ്രക്രിയയിലൂടെയാണ് കമ്മീഷൻ വോട്ടർ പട്ടിക തയാറാക്കുന്നതും അന്തിമമാക്കുന്നതും. രാഷ്ട്രീയ പാർട്ടികൾ നിയോഗിക്കുന്ന ബൂത്ത് ഏജൻറുമാർക്ക് വോട്ടർ പട്ടിക പരിശോധിക്കാം. വീട് തോറും കയറിയുള്ള സ്ഥിരീകരണത്തിനും വിശദമായ പരിശോധനകൾക്കും കരട് വോട്ടർ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. പരാതികൾ അറിയിക്കാൻ ഒരു മാസത്തെ സമയവും അനുവദിക്കുന്നു.

തെരഞ്ഞെടുപ്പ് കമ്മീഷൻറെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന അന്തിമ വോട്ടർ പട്ടികയിൽ അപാകത ഉണ്ടെന്ന് പരാതിയുണ്ടെങ്കിൽ, ജില്ലാ മജിസ്ട്രേട്ടിനോ ജില്ലാ കളക്ടർക്കോ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിനോ അപ്പീൽ നൽകാൻ അവസരമുണ്ട്.

തീരുമാനം തൃപ്തികരമല്ലെങ്കിൽ അതാത് സംസ്ഥാനത്തിന്റെയോ കേന്ദ്രഭരണപ്രദേശത്തിന്റെയോ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് പരാതി നൽകാനും സാധിക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

# കഴകക്കാരൻ കൂടൽമാണിക്യം ക്ഷേത്രത്തിൽ ജോലി ചെയ്യണം : മന്ത്രി വി എൻ വാസവൻ

കൂടൽമാണിക്യം ക്ഷേത്രത്തിൽ ദേവസ്വം നിയമങ്ങൾ അനുസരിച്ച് സർക്കാർ നിയമിച്ച കഴകക്കാരൻ ആ തസ്തികയിൽ ക്ഷേത്രത്തിൽ തന്നെ ജോലി ചെയ്യണം എന്നുള്ളതാണ് സർക്കാർ നിലപാടെന്ന് ദേവസ്വം മന്ത്രി വി എൻ വാസവൻ നിയമസഭയെ അറിയിച്ചു. ഡിമാന്റ് ഡിസ്കഷന് മറുപടി പറയവെയാണ് ഈ വിഷയത്തിലെ സർക്കാരിന്റെ നിലപാട് മന്ത്രി വ്യക്തമാക്കിയത്. നവോത്ഥാന നായകർ ഉഴുതുമറിച്ച കേരളത്തിന്റെ മണ്ണിൽ ജാതിയുടെ പേരിൽ ഒരാളെ ജോലിയിൽ നിന്നും മാറ്റി നിർത്തുന്നത് സാംസ്കാരിക കേരളത്തിന് അപമാനകരമായ സംഭവമാണെന്ന് മന്ത്രി പറഞ്ഞു.

തന്ത്രിമാരുടെ വിയോജിപ്പിനെ തുടർന്ന് അദ്ദേഹത്തെ ക്ഷേത്രത്തിൽ നിന്ന് ഒഴിവാക്കിയത് അംഗീകരിക്കാൻ സാധിക്കുന്ന ഒന്നല്ല. കൂടൽ മാണിക്യം ആക്ടും, റഗുലേഷനും പ്രകാരം ക്ഷേത്രത്തിലെ കഴകം ജോലികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും, ഉത്തരവുകളും കാലാകാലങ്ങളിൽ നൽകിവരുന്നുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിൽ കഴകം തസ്തികയിലെ ഉദ്യോഗസ്ഥരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് 2003-ൽ പുറപ്പെടുവിച്ച റഗുലേഷനിലെ നാലാം ഖണ്ഡിക പ്രകാരം 2 കഴകം പോസ്റ്റുകൾ ആണ് നിലവിലുള്ളത്.

പ്രസ്തുത പോസ്റ്റിലേക്കുള്ള നിയമനം എങ്ങനെയായിരിക്കണമെന്ന് റഗുലേഷന്റെ 4-ാം ഖണ്ഡിക പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. അതനുസരിച്ച് 1025 + ഡിഎ ശമ്പള സ്കെയിൽ ഉള്ള കഴകം തസ്തികയിലേക്ക് പാരമ്പര്യമായി തന്ത്രി നിർദ്ദേശിക്കുന്ന വ്യക്തിയേയും, 1300 – 1880 ശമ്പള സ്കെയിലുള്ള കഴകത്തെ നേരിട്ടുള്ള നിയമനം വഴി കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ് മുഖേന നിയമിക്കാമെന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇതിൽ രണ്ടാമത്തെ കഴകം പോസ്റ്റിലേക്ക് 24.02.2025 തീയതിയിൽ റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമിതനായ ബാലു. എന്ന വ്യക്തി കഴകം ജോലി ചെയ്യുന്നതിലാണ് തന്ത്രിമാർ വിയോജിപ്പ് രേഖപ്പെടുത്തിയത്. അത്തരം ഒരു തീരുമാനം ഉണ്ടായത് നിർഭാഗ്യകരമായ ഒന്നായിപ്പോയി. അബ്രാഹ്മണരെ പൂജാരിമാരാക്കിയ നാടാണിത്. അതിനാൽ കഴകം പോസ്റ്റിൽ നിയമിതനായ വ്യക്തി അവിടെ നിഷ്കർഷിച്ച ജോലി ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി. വൈക്കം സത്യാഗ്രഹ സമരഭൂമിയിൽ ഗാന്ധിജി സന്ദർശനം നടത്തിയതിന്റെ ശതാബ്ദി ആഘോഷം നടത്തുന്ന സമയത്താണ് ഈ ദൗർഭാഗ്യകരമായ സംഭവമുണ്ടായത് എന്നതും ഓർക്കേണ്ടതാണ്. പുരോഗമനപരമായ നിലപാടാണ് കേരളസമൂഹം സ്വീകരിക്കേണ്ടതെന്നും മന്ത്രി പറഞ്ഞു.

# മാതൃകയായി വീണ്ടും: ഹൃദ്യത്തിലൂടെ 8000 കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ

## ശസ്ത്രക്രിയയ്ക്ക് ശേഷവും തുടർ പരിചരണം ഉറപ്പാക്കുന്നു

ജന്മനായുള്ള ഹൃദ്രോഗം സമയബന്ധിതമായി ചികിത്സിക്കാനുള്ള ആരോഗ്യ വകുപ്പിന്റെ ഹൃദ്യം പദ്ധതിയിലൂടെ 8,000 കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഹൃദ്രോഗത്തിന്റെ തീവ്രതയനുസരിച്ച് കാലതാമസമില്ലാതെ കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം.

ഹൃദ്യം പദ്ധതിയിലൂടെ ചികിത്സയ്ക്കായി ആകെ 24,222 കുട്ടികൾ രജിസ്റ്റർ ചെയ്തു. അതിൽ 15,686 പേർ ഒരു വയസിന് താഴെയുള്ളവരാണ്. ആകെ രജിസ്റ്റർ ചെയ്തവരിൽ ശസ്ത്രക്രിയ ആവശ്യമായ 8000 കുട്ടികൾക്കാണ് ഹൃദയ ശസ്ത്രക്രിയ നടത്തിയത്.

കുഞ്ഞുങ്ങളുടെ ഹൃദയ വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കാനായി വലിയ ഇടപെടലുകളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ച് വരുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളുടേയും ഗുണനിലവാരം ഉയർത്തി. 12 ആശുപത്രികളെ ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തി. 3 മെഡിക്കൽ കോളേജുകൾക്ക് ദേശീയ മുസ്കാൻ അംഗീകാരം ലഭിച്ചു. ചികിത്സ തേടിയ കുഞ്ഞുങ്ങൾക്ക് തുടർ ചികിത്സ ഉറപ്പാക്കാനും തുടർ നടപടികൾ ഏകീകരിക്കുന്നതിനുമായി ഹൃദ്യം വെബ് സൈറ്റ് വിപുലീകരിച്ചു. അടിയന്തര സ്വഭാവമുള്ള കേസുകളിൽ 24 മണിക്കൂറിനകം വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നു. ഇതിനായി വെന്റിലേറ്റർ/ ഐ.സി.യു. ആംബുലൻസ് സേവനവും നൽകി വരുന്നു.

ജന്മനാ ഹൃദ്രോഗമുള്ള കുഞ്ഞുങ്ങളിൽ സമയബന്ധിതമായി ഹൃദയ ശസ്ത്രക്രിയ നടത്തിയാൽ മരണത്തിൽ നിന്നും രക്ഷപ്പെടുത്താനാകും. നവജാത ശിശുക്കൾ മുതൽ 18 വയസ് വരെയുള്ള കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സേവനം ലഭ്യമാക്കുന്നു.

സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന മുഴുവൻ കുഞ്ഞുങ്ങൾക്കും ഹൃദ്രോഗ പരിശോധന ഉറപ്പാക്കി വരുന്നു.

എല്ലാ കുട്ടികൾക്കും പരിചരണം ഉറപ്പാക്കാൻ വീടുകളിലെത്തിയും അങ്കണവാടികളിലും സ്കൂളുകളിലും സ്ക്രീനിംഗ് നടത്തുന്നു. ഹൃദ്രോഗ ലക്ഷണങ്ങൾ കണ്ടെത്തിയാൽ എക്കോ ഉൾപ്പെടെയുള്ള വിദഗ്ധ പരിശോധന നടത്തും. ഗർഭസ്ഥ ശിശുവിന് ഹൃദ്രോഗം കണ്ടെത്തിയാൽ പ്രസവം മുതലുള്ള തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികളിലോ, എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിലോ ശസ്ത്രക്രിയ ലഭ്യമാക്കുന്നു.

8 സർക്കാർ, സ്വകാര്യ ആശുപത്രികൾ ഹൃദ്യം പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ മാത്രം മൂന്നുവർഷം കൊണ്ട് 1000ലധികം കുഞ്ഞുങ്ങൾക്ക് വിദഗ്ധ ഹൃദ്രോഗ ചികിത്സ നൽകിയിട്ടുണ്ട്. പീഡിയാട്രിക് ഹൃദയ ശസ്ത്രക്രിയാ വിഭാഗം ഉൾപ്പെടെ സജ്ജമാക്കി വളരെ ചെലവ് വരുന്ന എക്മോ ചികിത്സയും സങ്കീർണമായ ഹൃദയ ശസ്ത്രക്രിയയും ഉൾപ്പെടെ ആരംഭിച്ചു.

ഹൃദ്യത്തിലൂടെ ഹൃദ്രോഗ ചികിത്സ ലഭിച്ച കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയും വികാസവും ഉറപ്പാക്കുന്ന തുടർപിന്തുണാ പദ്ധതിയും നടത്തി വരുന്നു.

സാധാരണ കുഞ്ഞുങ്ങളെ അപേക്ഷിച്ച് ഇത്തരം കുട്ടികൾക്ക് കൂടുതൽ പരിചരണം ആവശ്യമാണ്. ഈ കുഞ്ഞുങ്ങളെ പരിശോധന നടത്തി അതിൽ പ്രശ്നമുണ്ടെന്ന് കണ്ടെത്തിയവർക്ക് ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ വഴി തുടർ ചികിത്സ ഉറപ്പാക്കി വരുന്നു.

# ഇലക്ട്രിക്കൽ സൂപ്പർവൈസർ ഗ്രേഡ് ബി പരീക്ഷ

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നടത്തുന്ന ഇലക്ട്രിക്കൽ സൂപ്പർവൈസർ ഗ്രേഡ് ബി പരീക്ഷ 2023 ന്റെ പ്രായോഗിക പരീക്ഷ 2025 മാർച്ച് 26, 27, 28 തീയതികളിൽ കോട്ടയം നാട്ടകം ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ നടക്കും. പരീക്ഷയ്ക്കായുള്ള ഹാൾടിക്കറ്റുകൾ പരീക്ഷാർത്ഥികൾക്ക് 2025 മാർച്ച് 20 മുതൽ www.samraksha.ceikerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## അപേക്ഷ ക്ഷണിച്ചു

അസാപ് കേരളയിൽ എആർ / വിആർ ട്രെയ്നർ എംപാനൽമെന്റിനായി അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലാണ് അവസരങ്ങളുള്ളത്. 2025, മാർച്ച് 20 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി അപേക്ഷ സമർപ്പിക്കണം. https://asapkerala.gov.in/careers/ സന്ദർശിക്കുക.

## കേരളത്തിന്റെ വികസനത്തെ കുറിച്ച് തരൂർ പറഞ്ഞതാണ് ശരി: എം. വി. ഗോവിന്ദൻ

കൊല്ലം: കേരളത്തിന്റെ വികസനത്തെ കുറിച്ച് ശശി തരൂർ പറഞ്ഞതാണ് ശരിയെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ. സിപിഎം നയരേഖ കേരളം പിന്നോട്ട് പോകാതിരിക്കാനുള്ള വഴിയാണെന്നും എം. വി. ഗോവിന്ദൻ പറഞ്ഞു. എൽഡിഎഫ് മൂന്നാമതും അധികാരത്തിലെത്തുമെന്നും സിപിഎം സംസ്ഥാന സെക്രട്ടറി അവകാശപ്പെട്ടു. സിപിഎം സംസ്ഥാന സമ്മേളനത്തിന്റെ സമാപന സമ്മേളനത്തിലായിരുന്നു ഗോവിന്ദന്റെ പ്രതികരണം. വർഗീയ ശക്തികൾ ചേർന്ന് ഒറ്റക്കെട്ടായി സിപിഎമ്മിനെതിരെ തിരിയുന്നുവെന്നും അദ്ദേഹം പറഞ്ഞു. മുസ്‌ലീം ലീഗ് പിന്തിരിപ്പൻ ശക്തിയാണെന്നും ജമാഅത്തെ ഇസ്ലാമി – എസ്ഡിപിഐ തടവറയിലാണ് ലീഗെന്നും ഗോവിന്ദൻ കുറ്റപ്പെടുത്തി. അവർക്കൊപ്പം ചേർന്നാണ് കോൺഗ്രസ് മുന്നോട്ടുപോകുന്നതെന്നും എം. വി. ഗോവിന്ദൻ പറഞ്ഞു.

# പ്രൈഡ് പദ്ധതിക്ക് 7.98 ലക്ഷം രൂപ അനുവദിച്ച് സാമൂഹ്യ നീതി വകുപ്പ്

## നോളെജ് ഇക്കോണമി മിഷൻ ട്രാൻസ് ജൻഡർ വിഭാഗത്തിന് നൈപുണ്യ പരിശീലനം നൽകും

കേരള നോളെജ് ഇക്കോണമി മിഷൻ ട്രാൻസ്ജെൻഡർ വിഭാഗത്തിലെ വ്യക്തികൾക്കായി നടപ്പിലാക്കിവരുന്ന പ്രൈഡ് പദ്ധതിക്ക് 7.98 ലക്ഷം രൂപ അനുവദിച്ച് സാമൂഹ്യ നീതി വകുപ്പ്. 2024- 25 സാമ്പത്തിക വർഷത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനത്തിനായി വകയിരുത്തിയ ഫണ്ടിൽ നിന്നാണ് തുക ചെലവാക്കുക.പ്രൈഡ് പദ്ധതിയുടെ ഭാഗമായി പത്ത് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർട്ടിഫിക്കറ്റ് ഇൻ എയർ പോർട്ട് ഓപ്പറേഷൻ എന്ന കോഴ്സ് നടത്തുന്നതിനായാണ് 798140 രൂപ അനുവദിച്ചത്. നോളെജ് ഇക്കോണമി മിഷന്റെ ട്രെയിനിങ് പാർട്ണറായ അസാപ് കേരള ജിഎംആർ ഏവിയേഷൻ അക്കാദമിയുമായി ചേർന്നാണ് പരിശീലനം നൽകുന്നത്. കോഴ്സ് ഫീസനത്തിൽ ചെലവാകുന്ന തുകയാണ് അനുവദിച്ചിട്ടുള്ളത്.ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിജ്ഞാനതൊഴിൽ രംഗത്ത് അവസരം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നോളെജ് ഇക്കോണമി മിഷൻ പ്രൈഡ് പദ്ധതി ആരംഭിച്ചത്. വിദ്യാഭ്യാസ നൈപുണ്യ പ്രതിസന്ധികൾ നേരിടുന്ന ട്രാൻസ് വ്യക്തികൾക്ക് അധിനൈപുണ്യ പരിശീലനത്തിലൂടെ തൊഴിൽ സജ്ജരാക്കുക എന്നതാണ് സർക്കാരി ലക്ഷ്യം.ആത്മാഭിമാനത്തോടെയും അന്തസ്സോടെയും ജീവിക്കുവാനുള്ള തൊഴിലിലേക്കെത്താൻ ട്രാൻസ്ജെൻഡേഴ്സ് തൊഴിലന്വേഷകർക്ക് പ്രൈഡ് പദ്ധതി സഹായകമാകുന്നു. സാമൂഹ്യ നീതി വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. കോഴ്സ് ഏപ്രിൽ ആദ്യവാരത്തോടെ ആരംഭിക്കും. അസാപ്പ് കേരളയുടെ കളമശ്ശേരിയിലെ കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ വെച്ചാണ് പരിശീലനം. ഇതിനു മുന്നോടിയായി ഉദ്യോഗാർത്ഥികൾക്ക് ഒരാഴ്ച നീണ്ടു നിൽക്കുന്ന ഇംഗ്ലീഷ് ഭാഷാ പരിശീലനവും നൽകുന്നു.

# യാതൊരു പ്രകോപനവുമില്ല; വഴിയരികിൽ നിന്നയാളെ ലഹരിക്ക് അടിമയായ യുവാവ് കിണറ്റിൽ തള്ളിയിട്ടു

കോട്ടയം: ലഹരിക്കടിമയായ യുവാവ് വഴിയരികിൽ നിന്നയാളെ യാതൊരു പ്രകോപനവുമില്ലാതെ കിണറ്റിൽ തള്ളിയിട്ടു. നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ ജിതിനാണ് അതിക്രമം കാട്ടിയത്. കല്ലേലിൽ കെ. ജെ. ജോൺസൺ എന്നയാളെയാണ് കിണറ്റിൽ തള്ളിയിട്ടത്. ഇയാളെ ഫയർഫോഴ്സെത്തിയാണ് രക്ഷപ്പെടുത്തിയത്. ആരോഗ്യനില തൃപ്തികരമാണെന്നാണ് വിവരം. ആരോഗ്യ നിലയിൽ പ്രശ്നങ്ങളൊന്നുമില്ല. ശനിയാഴ്ച രാത്രിയാണ് സംഭവമുണ്ടായത്. റോഡരികിൽ സുഹൃത്തുക്കളുമായി സംസാരിച്ചു നിൽക്കുകയായിരുന്നു ജോൺസൺ. ആ സമയത്താണ് ജിതിൻ എത്തുന്നത്. ഫോണിൽ സംസാരിക്കുകയായിരുന്ന ജോൺസണെ ജിതിൻ കിണറ്റിലേക്ക് തള്ളിയിടുകയായിരുന്നു.സംഭവമറിഞ്ഞ് ആളുകളെത്തിയപ്പോഴേക്കും ജിതിൻ ഇവിടെ നിന്ന് രക്ഷപ്പെട്ടു. പോലീസ് ഇയാൾക്കായുള്ള തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്. ഇയാൾ നിരവധി ലഹരിക്കേസുകളിൽ പ്രതിയാണെന്ന് പോലീസ് വ്യക്തമാക്കി. കഞ്ചാവടക്കമുള്ള ലഹരി വസ്തുക്കളുമായി ഇയാളെ നേരത്തേ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

# ബി. എസ്.സി, ബി.ഫാം. പ്രവേശനത്തിന് അപേക്ഷിക്കാം

കണ്ണൂർ പറശ്ശിനിക്കടവ് എം.വി.ആർ ആയുർവേദ മെഡിക്കൽ കോളേജിൽ കേരള ആരോഗ്യ സർവ്വകലാശാല (KUHS) അംഗീകരിച്ച 2024-2025 വർഷത്തെ ബി.എസ്.സി. നേഴ്സിംഗ് (ആയുർവേദം), ബി.ഫാം(ആയുർവേദം) എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സർക്കാർ ഉത്തരവ് മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേക്ഷ ക്ഷണിച്ചു. എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscentre.kerala.gov.in വെബ്സൈറ്റ് വഴി ഓൺലൈനായി ഏപ്രിൽ 2 വരെ അപേക്ഷിക്കാം. അപേക്ഷാ ഫീസ് പൊതുവിഭാഗത്തിനു 800 രൂപയും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് 400 രൂപയുമാണ്. ഏപ്രിൽ 2 വരെ ഓൺലൈൻ വഴിയോ വെബ്സൈറ്റ് വഴി ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ അപേക്ഷാഫീസ് ഒടുക്കാം. വ്യക്തിഗത അക്കാദമിക വിവരങ്ങൾ ഓൺലൈൻ ആയി www.lbscentre.kerala.gov.in വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. ബന്ധപ്പെട്ട രേഖകൾ ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കുന്ന അവസരത്തിൽ അപ്‌ലോഡ് ചെയ്യണം. ബി.എസ്.സി. നേഴ്സിംഗ്(ആയുർവേദം), ബി.ഫാം.(ആയുർവേദം) എന്നീ കോഴ്സുകൾക്ക് കേരള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡിന്റെ +2 /ഹയർ സെക്കണ്ടറി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ പാസ്സായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്കു മൊത്തത്തിൽ 50 ശതമാനം മാർക്കോടെ ജയിച്ചവർ പ്രവേശനത്തിന് അർഹരാണ്. എസ്.ഇ.ബി.സി വിഭാഗക്കാർക്ക് 45 ശതമാനം മാർക്ക് മതിയാകും. എസ്.സി/എസ്.ടി അപേക്ഷകർ പാസ്സായാൽ മതിയാകും. കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷ കേരള ഹയർ സെക്കണ്ടറി പരീക്ഷക്ക് തത്തുല്യ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് : 04712560363, 364.

# ദൈവത്തിന്റെ പദ്ധതികൾക്കായി മയോടെ കാത്തിരിക്കണം: മാർ ജോസഫ് പാംപ്ലാനി

ചാലക്കുടി: വിശ്വാസവും സ്നേഹവും പ്രത്യാശയിലേക്കു തിരിയേണ്ട കാലഘട്ടമാണെന്ന് തലശേരി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. അഞ്ചുദിവസം നീണ്ട 36-ാമത് പോട്ട ദേശീയ ബൈബിൾ കൺവൻഷനിൽ സമാപന സന്ദേശം നല്കുകയായിരുന്നു അദ്ദേഹം. യുവജനങ്ങളിലേറെയും എതു ദിശയിലേക്കു നീങ്ങുമെന്നറിയാതെ പകച്ചു നിൽക്കുന്ന അവസ്ഥയാണ്. ആത്മഹത്യകളും ജീവിതം ദുരന്തമാകുമോയെന്ന ചിന്തയും ഏറി വരുന്നു. വെറുപ്പും അസൂയയും ഉള്ളവർക്കു ദൈവത്തിന്റെ പദ്ധതികൾ കാണാൻ കഴിയില്ല. ദൈവാശ്രയം വന്നുകഴിഞ്ഞാൽ പ്രതിസന്ധികൾക്കു പരിഹാരമുണ്ടാകുമെന്നും ആർച്ച്ബിഷപ് പറഞ്ഞു. ദൈവത്തിന്റെ പദ്ധതികൾ മനസിലാക്കണമെങ്കിൽ ക്ഷമയോടെ കാത്തിരിക്കണമെന്നും കാത്തിരിപ്പിന്റെ നടുവിലാണ് പ്രത്യാശയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഫാ. മാത്യു നായ്ക്കംപറമ്പിൽ, ഫാ. മാത്യു തടത്തിൽ, ഫാ. ഡെർബിൻ ഇറ്റിക്കാട്ടിൽ, ഫാ. ജോസഫ് എറമ്പിൽ എന്നിവർ വചനശുശ്രൂഷ നയിച്ചു. ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവയോടെ കൺവൻഷന് സമാപനമായി.

## ട്രെയിനിങ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു

റീജിയണൽ കാൻസർ സെന്റർ അഡ്വാൻസ്ഡ് ട്രെയിനിങ് ഇൻ മൈക്രോബയോളജി എന്ന ട്രെയിനിങ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. മാർച്ച് 20ന് വൈകീട്ട് നാലുവരെ അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾക്ക്: www.rcctvm.gov.in.

## രാത്രിയിൽ സ്ത്രീകൾക്ക് ഭയമില്ലാതെ സഞ്ചരിക്കാനുള്ള സ്ഥിതി ഉണ്ടാകണം: ജില്ലാ കളക്ടർ

കൊല്ലം: രാത്രികാലങ്ങളിൽ സ്ത്രീക്ക് ഭയമില്ലാതെ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സ്ഥിതി ഉണ്ടാകണമെന്നും വനിതകൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധികൾ ഉണ്ടായാൽ സർക്കാരിൻറെ '181' ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടാമെന്നും ജില്ലാ കളക്ടർ എൻ. ദേവിദാസ്. വനിതാ ശിശു വികസന വകുപ്പിൻറെ അഭിമുഖ്യത്തിൽ നടത്തിയ അന്താരാഷ്ട്ര വനിതാ ദിനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വനിതാ ശിശു വികസന ഓഫീസർ പി. ബിജി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീജ ഹരീഷിനെയും പ്രാഗത്ഭ്യം തെളിയിച്ച വനിതകളെയും കളക്ടർ ആദരിച്ചു. സർട്ടിഫിക്കറ്റുകൾ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീജ ഹരീഷ് വിതരണം ചെയ്തു.˝ എൽ. രഞ്ജിനി, പി. ആർ. കവിത, ജെ. ഗ്രേസി എന്നിവർ പ്രസംഗിച്ചു.